# അദ്ധ്യായം 16

# അവസാന വാക്കുകൾ

ഒരു ലേഖനവും പ്രബന്ധവും തമ്മിലുള്ള പ്രധാന വിത്യാസം അദ്യത്തേത് വ്യക്തിപരവും, രണ്ടാമത്തേത് പൊതുവായുള്ളതും ആണെന്നതാണ്. ചില പുതിയ നിയമ ലേഖനങ്ങൾ ഉദാഹരണമായി, എബ്രയർ, യാക്കോബ് കൂടാതെ 1 യോഹന്നാൻ പ്രബന്ധങ്ങളുടെ അതിരിൽ നിൽക്കുന്നവയും, ബാക്കിയുള്ളവ വ്യക്തിപരമായ ലേഖനങ്ങളുമാണ്.

ഒന്ന് കൊരിന്ത്യർ ഒരു ലേഖനമാണ്; ഈ ലേഖനത്തിലുടനീളം വ്യക്തി പരമായ സംസാരമാണ്. പൌലൊസ് അറിയിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്ന സഹോദരങ്ങൾക്കാണ് അവനിത് എഴുതിയത്. ഈ ലേഖനത്തിന്റെ ആമുഖത്തിൽ തന്നെ കൊരിന്ത്യരോടുള്ള അവന്റെ വ്യക്തിപരമായ ബന്ധം കാണിക്കുന്നു.

ഈ ലേഖനത്തിന്റെ ഉപസംഹാരത്തിലേക്ക് പൌലോസ് വരുമ്പോൾ, അവഗണിക്കപ്പെട്ട ചില കാര്യങ്ങൾക്ക് അവൻ ശ്രദ്ധകൊടുക്കുന്നതായി കാണാം. മറ്റുള്ളവയ്ക്ക് ചുരുക്കം ചില വാചകങ്ങൾ ഉപയോഗിക്കുമ്പോൾ, ചില വാക്യങ്ങളിൽ ചില ചിന്തകൾ ചർച്ചചെയ്തിരുന്നു. പൌലോസിന്റെ ബന്ധങ്ങളെ ഉൾക്കൊണ്ട് അവന്റെ ചലനങ്ങളെ പിന്തുടരണമെന്ന് ആഗ്രഹിക്കുന്നവരും തലമുറകളെ നിരാശപ്പെടുത്തുന്ന ഉപസംഹാരമാണ് അദ്ധ്യായം 16 ൽ, പക്ഷെ ഈ കാര്യങ്ങളിൽ അപ്പൊസ്തലൻ എടുത്ത അറിവിന്റെ ഉറവിടങ്ങൾ കൊരിന്ത്യർക്കുണ്ടായിരുന്നുവെന്ന് നമുക്ക് ഉറപ്പിക്കാം.

### വിശുദ്ധന്മാർക്കുള്ള ധർമ്മശേഖരം (16:1-4)

**1വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മശേഖരത്തിന്റെ കാര്യത്തിലോ ഞാൻ ഗലാത്യസഭകളോട് ആജ്ഞാപിച്ചതുപോലെ നിങ്ങളും ചെയ്യുവിൻ. 2ഞാൻ വന്നശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിന് ആഴ്ചവട്ടത്തിൽ ഒന്നാം നാൾ തോറും, നിങ്ങളിൽ ഓരോരുത്തൻ തനിക്ക് കഴിവുള്ളതു, ചരതിച്ചു തന്റെ പക്കൽ വെച്ചുകൊള്ളണം. 3ഞാൻ എത്തിയശേഷം, നിങ്ങളുടെ ധർമ്മം യെരുശലേമിലേക്കു കൊണ്ടുപോകുവാൻ നിങ്ങൾക്കു സമ്മതമുളളവരെ, ഞാൻ എഴുത്തോടുകൂടെ അയയ്ക്കും; 4ഞാനും പോകുവാൻ തക്കവണ്ണം അതു യോഗ്യമായിരുന്നാൽ, അവർക്ക് എന്നോടുകൂടി പോരാം.**

**വാക്യം 1.** പൌലൊസ് തന്റെ ലേഖനത്തിന്റെ ഉപസംഹാരത്തിലേക്ക് വരുമ്പോൾ താൻ ഉപയോഗിച്ചു വരുന്ന **ഈ കാര്യത്തിലോ** എന്ന പദപ്രയോഗം ഒരിക്കൽക്കൂടി ഉപയോഗിക്കുന്നു. കൊരിന്ത്സഭയിൽ നിന്നും പൌലൊസിനു ലഭിച്ച ലേഖനത്തിൽ സന്യാസ ജീവിതം, വൈവാഹികജീവിതത്തിന്

ലൈംഗീക ബന്ധം, വിഗ്രഹങ്ങളുടെ സാന്നിധ്യത്തിലുള്ള സാമൂഹിക പരിപാടികൾ, ആത്മിക വരങ്ങളുടെ ശരിയായ പരിശീലനം എന്നിവയെക്കുറിച്ചുള്ള ചോദ്യങ്ങൾ ഉൾപ്പെട്ടിരുന്നു. രരിച്ചവരുടെ ഉയർത്തെഴുന്നേൽപ്പിനെക്കുറിച്ച് സഹോദരങ്ങൾ ചോദിച്ചിരുന്നു എന്നതിന് ഉറപ്പില്ല, പക്ഷെ പൌലോസ് ആ ഒരു വിഷയംകൂടി കൈകാര്യം ചെയ്തു.

"ഈ കാര്യത്തിലോ" എന്ന പദങ്ങളുടെ പ്രയോഗം സൂചിപ്പിക്കുന്നത് കൊരിന്ത്യൻ പൌലോസിന് മുമ്പെഴുതിയ ചോദ്യങ്ങളുൾപ്പെട്ട ലേഖനത്തിലേക്കാണ്, യെഹൂദ്യയിലെ പാവങ്ങൾക്കായുള്ള ധർമ്മശേഖരത്തെക്കുറിച്ചും ഇവിടെ പ്രസ്താവിക്കുന്നു. അതുപോലെ, ഒരു ഉറപ്പുള്ള സൂചനയായി ഈ കാര്യത്തിലോ എന്നതിന് പൌലോസ് ഉപയോഗിക്കുന്നില്ല. ധർമ്മശേഖരത്തെ സഹായിച്ചുകൊണ്ട് 16:1 ൽ ഈ പദം നിർദ്ദേശങ്ങളുടെ തുടർച്ചയായി ഒരു പുതിയ വിഷയം ആരംഭിച്ചുകൊണ്ട് ആവർത്തിച്ചിരിക്കുന്നു.

ചില കാര്യങ്ങൾക്ക് വിശദീകരണം ആവശ്യമാണ്. എങ്ങനെയാണ് ഈ ശേഖരം ഒത്തുകൂടിയതെന്ന് കൊരിന്ത്യർ അത്ഭുതപ്പെടുന്നുണ്ടാവാം. അവർക്കെങ്ങനെയാണ് അവരുടെ സംഭാവന യെരുശലേമിൽ എത്തിക്കുവാൻ കഴിയുന്നത്? വ്യക്തിപരമായ നേട്ടങ്ങൾക്കാണ് പൌലൊസ് ഇതു ചെയ്യുന്നതെന്നുള്ള വിമർശകരുടെ ആരോപണങ്ങൾക്ക് എങ്ങനെ ഉത്തരം നൽകും? ധർമ്മശേഖരത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളായിരുന്നു ഈ കാലഘട്ടത്തിൽ പൌലോസിന്റെ ജീവിതത്തിൽ നടന്നിരുന്നത്., കൊരിന്തിലും മറ്റു സ്ഥലങ്ങളിലും പലരാണ് ഇതിനെ കൈകാര്യം ചെയ്തിരുന്നത്. ഇത് അവനെ സംബന്ധിച്ച് ചെറിയ പ്രശ്നമായിരുന്നില്ല.

പൌലോസിന്റെ പരിഗണനയിലുള്ള **വിശുദ്ധർക്കുവേണ്ടിയുള്ള ധർമ്മശേഖരം** എന്നതിനായി യെരുശലേം സഭയിലെ "തൂണുകൾ" എന്നറിയപ്പെടുന്നവരുമായി അവൻ യോഗം കൂടി (ഗലാ. 2:9) ഏകദേശം ആറ് വർഷങ്ങൾക്ക് മുമ്പാണ് അവർ ഒത്തുകൂടിയത്. പാപങ്ങളെ ഓർക്കേണം എന്ന് അവനും യേരുശലേമിലെ നേതൃത്വവും മനസ്സിലാക്കിയിരുന്നു (ഗലാ. 2:10) നേരിട്ടുള്ള അനുഭവത്തിലൂടെ, യെഹൂദ്യയിലുള്ള ക്രിസ്ത്യാനികൾ ദാരിദ്ര്യത്താൽ-അടിക്കപ്പെട്ട ആളുകളാകയാൽ അവരുടെ ആവശ്യങ്ങളെ പൌലോസ് മനസ്സിലാക്കിയിരുന്നു. ഇതിന്റെ ആദ്യകാലങ്ങളിൽ, സഭ എല്ലാവരുടേയും വസ്തുവകകൾ സേഖരിച്ചത് ആർക്കും ദാരിദ്ര്യം ഇല്ലാതിരിക്കുവാനായാണ് (പ്രവൃ. 2:45; 4:34, 35). യെരുശലേമിലേക്കുള്ള പൌലോസിന്റെ രണ്ടാം യാത്ര (ദമസ്കോസിലേക്കുള്ള വഴിയിൽ ക്രിസ്തുവിനെ കണ്ടുമുട്ടിയ ശേഷം) പട്ടണത്തിലെ യെഹൂദ ക്രിസ്ത്യാനികളെ സഹായിക്കുന്നതിനായുള്ള, ജാതീത സഹോദരന്മാരിൽ നിന്നുള്ള സാമ്പത്തിക സഹായം നൽകുവാനായിരുന്നു (പ്രവൃ. 11:29, 30). മൂന്നാം മിഷനറി യാത്രയുടെ ആരംഭത്തിൽ യെറുശലേമിലുള്ള ആളുകൾക്ക് സഹായം നൽകുവാനുള്ള പദ്ധതി അപ്പോസ്തലൻ ആരംഭിച്ചിരുന്നു. മറ്റ് ലേഖനങ്ങളിൽ "ശേഖരണം" എന്ന് പൌലോസ് പ്രസ്താവിച്ചപ്പോൾ, അവൻ 16:1 ൽ പരാമർശിച്ചത് λογεία (*ലോഗിയ*) എന്നാണ്, ലോക സാഹിത്യത്തിൽ ഈ പദത്തിന് വിശുദ്ധ ശേഖരണം എന്നാണർത്ഥം.[1] അപ്പോസ്തലന്റെ വാക്കുകളുടെ തിരഞ്ഞെടുപ്പ് അവൻ ഈ ശേഖരണത്തെപ്പറ്റി പ്രാധാന്യത്തെ കാണിക്കുന്നു. അവൻ ഈ ശേഖരണത്തെപ്പറ്റി പിന്നീട് പ്രസ്താവിക്കുന്നത് "വിശുദ്ധന്മാരെ ശുശ്രൂഷിക്കുവാനുള്ള കൂട്ടായ്മ" (2 കൊ. 8:4; കെ. ജെ. വി) എന്നും ധർമ്മശേഖരം (2 കൊ. 8:6) എന്നുമാണ്.

യരുശലേമിലും യെഹൂദ്യയിലുമുള്ള പാവങ്ങളായ വിശുദ്ധർക്കുവേണ്ടിയുള്ള ശേഖരണത്തിനായി പൗലോസ് പ്രചോദനം നൽകുന്നത് മൂന്ന് കാര്യങ്ങൾകൊണ്ടാണ്. ഒന്നാമതായി അവനെ നയിച്ചിരുന്നത് സ്വന്തം ആളുകളെക്കുറിച്ചുള്ള അവന്റെ പരിഗണനയും-ആവശ്യക്കാരോടുള്ള മനസ്സലിവുമാണ് (റോമ. 9:3 നോക്കുക) യെഹൂദണ്ടാരുടെ പ്രധാന പട്ടണത്തിൽ ദാരിദ്ര്യം വന്നുവെന്നുള്ളത് അവിശ്വസനീയമായ ഒരു കാര്യമാണ്. വ്യവസായമോ കൃഷിയോ ഇല്ലാതെ മതപരമായകേന്ദ്രമായിരുന്നു യെരുശലേം. അതിന്റെ മതപരമായ ചിരിത്രം മൂലം ധാരാളം യെഹൂദർ അവിടെ താമസിക്കുവാൻ ആഗ്രഹിച്ചിരുന്നു. യെഹൂദരുടെ ഭവനങ്ങളെ മാത്രമാശ്രയിച്ച് സാമ്പത്തിക കെട്ടുറപ്പില്ലാതെ അനേകർ അവിടേക്ക് വന്നിരുന്നു. രണ്ടാമതായി, യിസ്രായേലിന്റെ ആത്മിക അനുഗ്രഹങ്ങളിൽ ജാതികൾ പങ്കാളികളായപ്പോൾ അവരുടെ ഭൗതിക അനുഗ്രഹങ്ങൾ യെഹൂദാ ക്രിസ്ത്യാനികളുമായി പങ്കു വയ്ക്കുന്നത് ശരിയാണെന്ന് പൗലോസ് വിശ്വസിച്ചിരുന്നു (റോമ. 15:27).

പൗലോസിന്റെ മൂന്നാമത്തെ പ്രചേദനത്തെക്കുറിച്ചുള്ള അനുമാനം വലുതാണ്, പക്ഷെ അവനും മറ്റു രണ്ടുപേർക്കും കൂടുതൽ അത്യാവശ്യം ഇതാണ്. യെഹൂദക്രിസ്ത്യാനികളും ജാതികളായ ക്രിസ്ത്യാനികളും തമ്മിലുള്ള വിവിധ പ്രശ്നങ്ങൾ സഭകളിൽ വർദ്ധിക്കുന്നത്. അവന് കാണാമായിരുന്നു. യെഹൂദ ക്രിസ്ത്യാനികൾക്ക് വംശീയമായും, ഒരു പക്ഷെ കൂടുതൽ രാജ്യപരമായും, വ്യക്തിത്വമായും ശക്തമായ കാഴ്ച്ചപ്പാടുണ്ടായിരുന്നു. മനസ്സിലാകുന്നത്, ദൈവസന്നിധിയിലുള്ള അവരുടെ പ്രാഗല്ഭ്യം നഷ്ടപ്പെടുത്തുവാൻ അവർക്ക് താല്പ്പര്യമില്ലായിരുന്നു. ചിലർ അവരെത്തന്നെ പരിഗണിച്ചിരുന്നത് യെഹൂദ ക്രിസ്ത്യാനികൾ മാത്രമായിട്ടല്ല, പരീശരായ യഹൂദക്രിസ്ത്യാനികളായിട്ടാണ് (പ്രവ്യ. 15:5). ജാതികളായ വിശ്വാസികൾ ക്രിസ്ത്യാനികളാകുവാൻ ആദ്യം യഹൂദരാകണമെന്ന് അവർ ആവശ്യപ്പെട്ടിരുന്നു. ഈ കാര്യത്തിൽ, പൗലോസ് വിശ്വസിച്ചിരുന്നത് ജാതികളും യെഹൂദരും ക്രിസ്തുവിലേയ്ക്ക് തിരിയണമെന്നും, അനുസരണയുള്ള ജീവിതം നയിക്കണമെന്നും, ഒരുപോലെ ദൈവവാഗ്ദാനങ്ങളിൽ പങ്കാളികളാകണമെന്നും ആയിരുന്നു (റോമ. 2:9–11; 10:12). യെഹൂദരുടേയും ജാതികളുടേയും സഭയിൽ ഈ വിഷയം വളർന്ന്, അതിന്റേതായ വഴിക്ക് തുടർന്നു. പൌലോസിനെ സംബന്ധിച്ച് അസഹനീയമായ ഒരു ചിന്തയായിരുന്നു ഇത്.

അപ്പോസ്തലന്റെ പദ്ധതി ഇതായിരുന്നു. യെഹൂദ്യയിലും യെരുശലേമിലും ആവശ്യങ്ങളിലായിരുന്ന ക്രിസ്ത്യാനികൾക്ക് ഭൗതിക സഹായം ജാതികളെക്കൊണ്ട് കൊടുപ്പിക്കുക. ആ സംഭാവനകൾ അവർ കയ്യിലെടുക്കുമ്പോൾ; യെഹൂദരും ജാതികളുമായ വിശ്വാസികൾ മുഖാമുഖം കണ്ടു മുട്ടുന്നു. ഇത്തരത്തിലുള്ള ദാനം യെഹൂദവിശ്വാസികളുടെ ഇടയിൽ നന്ദി ജനിപ്പിക്കുകയും യെഹൂദ്യയിൽ ജാതികളായ വിശ്വാസികൾക്ക് നല്ലപേര് നേടിത്തരുകയും ചെയ്യുന്നു. ഇങ്ങനെ ജാതികളായ സഹോദരങ്ങൾക്ക് ലഭിക്കുന്ന നല്ല പേര് അവരും യെഹൂദാക്രിസ്ത്യാനികളും തമ്മിലുള്ള നല്ല ബന്ധത്തിന് കാരണമാകുന്നു.

ഈ ആദ്യ ലേഖനത്തിൽ, ഗലാത്യ ക്രിസ്ത്യാനികൾ ഈ പ്രയ്ത്നത്തിൽ സഹകരിക്കുന്നുവെന്ന് പൗലോസ് കൊരിന്തിലുള്ള സുഹൃത്തുക്കളെ ഓർമ്മിപ്പിച്ചു. ഗലാത്യ വഴി എഫെസോസിലേക്ക് യാത്ര ചെയ്തപ്പോഴാണ് ധർമ്മശേഖരണം ആരംഭിചത് (പ്രവ്യ. 18:23). 2 കൊരിന്ത്യർ 8 ലും 9 ലും ഔദാര്യമായി

നൽകുവാൻ കൊരിന്ത് സഭയെ അവൻ തുടർച്ചയായി പ്രോത്സാഹിപ്പിക്കുന്നു. മക്കെദോന്യ സഭകളെ അപ്പോസ്തലൻ ഉദാഹരണമായി എടുത്തുകാട്ടുന്നു. (2 കൊ. 8:1, 2). മാസങ്ങൾക്കുശേഷം, പൗലോസ് കൊരിന്തിലുള്ളപ്പോൾ (1 കൊ. 16:6; പ്രവൃ. 20:2, 3 നോക്കുക), അവൻ റോമർക്ക് ലേഖനമെഴുതി; ധർമശേഖരത്തെപ്പറ്റി ഇതിൽ വീണ്ടും പരാമർശിച്ചിട്ടുണ്ട് (റോമ. 15:26). പ്രവൃ. 20:4 ൽ പരാമർശിക്കുന്ന പൗലോസിന്റെ സഹയാത്രികരുടെ പട്ടിക ധർമ്മശേഖരത്തെപ്പറ്റി അറിയാവുന്നവർക്ക് മനസ്സിലാക്കുവാൻ എളുപ്പമായിരുന്നു, അപ്പോസ്തല പ്രവൃത്തികളിൽ ഇതിനെപ്പറ്റി ഒരു പരാമർശമേ ഉണ്ടായിരുന്നുള്ളൂ (പ്രവൃ. 24:17).

പൗലോസ് ശേഖരിച്ച ധർമശേഖരം ഐക്യത്തിനായുള്ള ഒരു ഉപകരണമായി ഉപയോഗിക്കുവാനാണ് അവൻ ഉദ്ദേശിച്ചത്, പക്ഷെ ലൂക്കോസ് വിശദീകരിക്കുന്നത്. യെരുശലേമിൽ പൗലോസ് ചെന്നതിനെക്കുറിച്ച് അവന്റെ പ്രയത്നങ്ങൾ വിജയത്തിലെത്തിയില്ല എന്നാണ് (പ്രവൃ. 21:17–30) പ്രവൃ. 21:20, 21 ലെ പ്രസ്താവന ഇത് വെളിവാക്കുന്നു:

> സഹോദരാ, യെഹൂദരുടെ ഇടയിൽ വിശ്വസിച്ചിരുന്നവർ എത്ര ആയിരം ഉണ്ട്, എന്ന് നീ കാണുന്നുവല്ലോ, *അവർ എല്ലാവരും ന്യായപ്രമാണതല്പ്പരർ ആകുന്നു*; മക്കളെ പരിച്ഛേദന ചെയ്യരുത് എന്നും, നമ്മുടെ മര്യാദ അനുസരിച്ചു നടക്കരുത് എന്നും നീ ജാതികളുടെ ഇടയിലുള്ള സകല യെഹൂദരോടും പറഞ്ഞു. മോശയെ ഉപേക്ഷിച്ചു കളയുവാൻ ഉപദേശിക്കുന്നു. എന്ന് അവർ നിന്നെക്കുറിച്ചു ധരിച്ചിരിക്കുന്നു. (ഊന്നൽ കൊടുക്കേണ്ടത് കൂട്ടിച്ചേർത്തിരിക്കുന്നു.)

ഈ ശേഖരത്തെക്കുറിച്ച് ലൂക്കോസ് വളരെ കുറച്ചു മാത്രമേ പരാമർശിച്ചിട്ടുള്ളൂ. കാരണം പൗലോസ് കൊണ്ടു വരുമെന്ന് പ്രതീക്ഷിച്ചിരുന്ന ഐക്യം കൊണ്ടുവരുന്നതിൽ പരാജയപ്പെട്ടിരുന്നുവെന്ന് ലൂക്കോസ് മനസ്സിലാക്കിയിരുന്നു. ജാതീയ ക്രിസ്ത്യാനികൾ ഔദാര്യമായി നൽകിയിട്ടുപോലും, യെരുശലേമിലുള്ള യെഹൂദ ക്രിസ്ത്യാനികൾക്ക് അവരെ അംഗീകരിക്കുവാൻ കഴിഞ്ഞില്ല.

**വാക്യം 2.** എന്തുകൊണ്ടാണ് കൊരിന്ത്യർ, **ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾതോറും ... ശേഖരം തങ്ങളുടെപക്കൽ വച്ചുകൊള്ളേണം?** പൌലോസ് ഒരു ദിവസം എല്ലാ ആഴ്ച്ചയുടേയും ആദ്യദിവസം എന്നതു ഉറപ്പിക്കുകയല്ല സംഭാവന ചരതിച്ചുവെയ്ക്കണമെന്ന് പറയുകയാണ്. യേശുവിനെ വെച്ചിരുന്ന കല്ലറ ശൂന്യമായി കണ്ടത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാ ംനാളിലാണെന്ന് എല്ലാ സവിശേഷങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു. അതിനുസേഷമുള്ള ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ, യേശു അപ്പോസ്തലൻമാരെ വീണ്ടും കണ്ടു (യോഹ. 20:26) സഭയുടെ ആദിമകാലങ്ങളിൽ ക്രിസ്ത്യാനികൾ ആരാധനയ്ക്കായി ഒരുമിച്ചു കൂടിയിരുന്നത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലായിരുന്നു (പ്രവൃ. 20:7). പൗലോസ് കൊരിന്തിലെ ക്രിസ്ത്യാനികളുടെ സഭയിലെ (1 കൊ. 14:35 ലെ പോലെ) പെരുമാറ്റത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ, ആഴ്ച്ചവട്ടത്തിലെ ഒന്നാം നാളിലെ കൂടിവരവിനെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്. സംശയരഹിതമായി, ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിനെയാണ് യോഹന്നാൻ "കർത്തൃദിവസം" (വെളി. 1:10) എന്ന് പരാമർശിച്ചിരിക്കുന്നത്. കല്ലറ ശൂന്യമായിരുന്നു എന്ന സഭയുടെ വിശ്വാസത്തിന്റെ സാക്ഷ്യത്തിലാണ് ആഴ്ച്ചവട്ട

ത്തിന്റെ ഒന്നാം നാളിൽ അവർ കൂടിവന്നിരുന്നത്.

എല്ലാ ഞായറാഴ്ച്ചയും സഭ കൂടിവരിക എന്നുള്ളത് സംസ്കാരത്തോട് ബന്ധപ്പെട്ടതാണെന്ന് പൌലോസിനും അവന്റെ വായനക്കാർക്കും അറിയാം. ഓരോരുത്തരുടേയും സൗകാര്യാർത്ഥം ഭവനങ്ങളിൽവച്ചാണ് നിർദ്ദേശങ്ങൾ നൽകിയിരുന്നതെങ്കിൽ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിന് പ്രാധാന്യമില്ലാതാകുമായിരുന്നു. പൌലോസ് വന്നുകഴിഞ്ഞ് പണം ശേഖരിക്കുവാൻ അവൻ ആഗ്രഹിക്കുന്നില്ല, സഭ ആരാധനയ്ക്കായി ഒരുമിച്ചുകൂടുമ്പോൾ ശേഖരണം ഉാകണമെന്നാണ് പൌലോസ് വരുമ്പോൾ, അവന് പണം സ്വീകരിച്ച് യെരുശലേമിലേക്ക് അയക്കുവാൻ കഴിയും.

ഓരോ വിശ്വാസിയും എന്തു തുക നല്കണമെന്ന് പൌലൊസ് കൃത്യമായി പരാമർശിച്ചിട്ടില്ല. വിശ്വാസികൾക്കായുള്ള പുതിയനിയമ നിർദ്ദേശങ്ങളിലോ ഇവിടേയോ ദശാംശത്തെക്കുറിച്ച് ഒരു സൂചനയും നല്കുന്നില്ല. ഇത് സൂചിപ്പിക്കുന്നത് ഓരോ കൃസ്ത്യാനിയും അല്ലെങ്കിൽ ക്രിസ്തീയ കുടൂംബവും വ്യക്തിപരമായി ശരിയായ ഒരു തുക നിശ്ചയിക്കണമെന്നുള്ളതാണ്. ക്രിസ്തീയ ദാനത്തിന് ദശാംശം ഒരു നല്ല തുടക്കമാണെന്ന് പലരും ചിന്തിക്കുന്നു്. പക്ഷെ അതൊരു അനുമാനം മാത്രമാണ്.

**വാക്യം 3**. യാഥാർത്ഥ്യത്തിൽ, പൌലോസ് യെഹൂദ്യയിലേക്കു പോകുവാൻ പദ്ധതി തയ്യാറാക്കിയില്ല. ധർമ്മശേഖരം **യെരുശലേമിലേക്കു**കൊുപോകുവാൻ കൊരിന്ത്യർ തിരഞ്ഞെടുക്കുന്നവരെ അവൻ **അയക്കും**. പൌലോസ് എഴുത്തോടുകൂടി ഈ പ്രതിനിധികളെ അയക്കുന്നത് ഈ പണത്തിന്റെ ഉറവിടവും പ്രചേദനവും യെരുശലേം സഭ അറിയുവാനാണ്. കൊരിത്ത് സന്ദർശനത്തിനായി തന്റെ വിലയേറിയ സമയം നല്കുന്നില്ല; പക്ഷെ കൊരിന്തിയിൽനിന്ന് നേരെ റോമിലേക്ക് യാത്ര ചെയ്യുവാനായിരിക്കണം അവൻ പദ്ധതിയിട്ടത്, അത്ര ഉറപ്പുള്ള തീരുമാനം. ആയിരുന്നില്ലെങ്കിൽ പോലും. അപ്പോസ്തല പ്രവൃത്തിയിൽ പറയാത്ത കൊരിന്തിൻ നിന്നും അഫെസാസിലേക്കുള്ള യാത്ര യാതൊരു പദ്ധതിയുമില്ലാതെ നടത്തേി വന്നു (2 കൊ. 2:1 നോക്കുക). ഒരു വർഷമോ അതിൽ കൂടുതലോ സമയത്തിനുശേഷം 2 കൊരിന്ത്യർ മക്കെദോന്യയിൽ വച്ച് അവൻ എഴുതുമ്പോൾ, അവൻ വീും സന്ദർശനത്തിന്റെ വെളിച്ചത്തിൽ ധർമ്മശേഖരണത്തിന് ശ്രദ്ധ നല്കണമെന്ന് ഉപദേശിച്ചു (2 കൊ. 9:3–7).

മെക്കെദൊന്യ സഭകൾ സന്ദശിച്ചശേഷം അവൻ കൊരിന്തിലെത്തിയപ്പോൾ, പൌലോസിന്റെ ആഗ്രഹം റോമിലേക്ക് പോകണമെന്നുള്ളതായിരിക്കാം. അങ്ങനെയാണെങ്കിൽ, അവൻ അവന്റെ പദ്ധതികൾ പിന്നെയും മാറ്റി കൊരിന്തിൽ നിന്ന് സിറിയക്ക് പോകുവാൻ തീരുമാനിച്ചു. ഒരു പക്ഷേ യെഹൂദാക്രിസ്ത്യാനികൾ അവനെ കൊല്ലുവാൻ തീരുമാനിച്ചപ്പോൾ (പ്രവൃ. 20:3). അവന്റെ യാത്രാപദ്ധതികൾ ഒന്നിൽ കൂടുതൽ പ്രാവശ്യം 1 കൊരിന്ത്യർ എഴുതിയതിനു ശേഷം അവൻ ഭേദഗതി വരുത്തിയിട്ടു്. അവസാനം, പൌലോസ് കൊരിന്തിയിൽ വച്ച് ധർമ്മശേഖരം ശേഖരിച്ചതിനുശേഷം അവൻ അതുമായി മക്കെദൊന്യ വഴി യെരുശലേമിലേക്കു തിരിച്ചു യാത്രചെയ്തു. ആ സംഭാവനകൾ അവൻ അവനുവേി ഉപയോഗിച്ചു എന്നു പറയാതിരിക്കുവാൻ മറ്റുള്ളവരെ കൂടെ ചേർക്കുവാൻ അവൻ ശ്രദ്ധിച്ചിരുന്നു (പ്രവ്യ. 20:3, 4).

**വാക്യം 4**. എങ്ങനെയാണ് കാര്യങ്ങൾ നടന്നുവെന്ന് ഉറപ്പില്ലെങ്കിലും, കൊരിന്ത്യയുടെ ദാനവുമായി യെരുശലേമിലേക്കു പോകുവാൻ പൌലോസിന് മനസ്സായിരുന്നു (16:4). അവന്റെ പദ്ധതികൾ അപൂർണ്ണമായിരുന്നു.

അവൻ ധർമ്മശേഖരത്തിനോടൊപ്പം പോകണമോ അതോ മറ്റൊരു സ്ഥലത്ത് പോകണമോ എന്ന് തീരുമാനിക്കുന്നത് ദൈവമാണ് (16:6). ഇവിടെ ഉപയോഗിച്ചിരുന്ന വാചകം **അത് യോഗ്യമായിരുന്നാൽ** (ἐὰν δὲ ἄξιον ᾖ, *ഇയാൻ ഡേ ആക്സിയോൻ എ*), അപ്പൊസ്തലൻ ഒരുപക്ഷേ അവന്റെ മനസ്സിൽ മറ്റെന്തെങ്കിലും അത് എടുത്തേക്കാം. ധർമ്മശേഖരത്തിന്റെ കൂടെ അവനും പോകുന്നത് യോഗ്യമാണ് എന്നു വരുകിൽ അങ്ങനെയാണ് അപ്പൊസ്തലൻ ഈ തീരുമാനം എടുത്തതു. എന്ന് സങ്കൽപ്പിക്കുവാൻ പ്രയാസമാണ്. അവന്റെ സാന്നിധ്യം ഉണ്ടെങ്കിലും ഇല്ലെങ്കിലും, യെരുശലേമിലെ ക്രിസ്ത്യാനികൾക്കുള്ള ദാനത്തെ ജാതികൾ കൊണ്ടു കൊടുക്കണമെന്ന് പൗലോസ് പ്രതീക്ഷിച്ചിരുന്നു. മുഖാമുഖം കാണുന്നതിലൂടെ യെഹൂദാ ക്രിസ്ത്യനികളൂടെ ജാതികളോടുള്ള മനോഭാവത്തിൽ, മാറ്റം വന്ന് അവരോട് നന്ദിയുള്ളവരായിരിക്കുമെന്ന് പൗലോസ് പ്രത്യാശിച്ചു.

ഒരു സുഹൃത്ത് തന്റെ സുഹൃത്തുക്കളോട് വിശദീകരിക്കുന്നതുപോലെ, പൗലോസ് യാത്രാപദ്ധതികൾ തന്റെ വായനക്കാരോട് വിശദീകരിച്ചു. എന്തായിരുന്നാലും, ഈ യാത്രയെക്കുറിച്ചുള്ള അവന്റെ ഉദ്ദേശം, മറ്റു കാര്യങ്ങളിൽ നിന്നും, മക്കെദൊന്യയിലുള്ള ജാതീയ സഭകളിൽ നിന്ന് യെരുശലേമിലേക്ക് ധർമ്മശേഖരം കൊടുക്കുന്നതിനോടൊപ്പം; തന്റെ യാത്രയിൽ കൊരിന്ത് കൂടി അവൻ ഉൾപ്പെടുത്തി.

## ഒരു സന്ദർശനത്തിനായുള്ള പദ്ധതി (16:5-9)

**[5]ഞാൻ മക്കെദ്യോന്യയിൽ കൂടി കടന്നശേഷം നിങ്ങളുടെ അടുക്കൽവരും, മക്കെദോന്യയിൽ കൂടി ആകുന്നു ഞാൻ വരുന്നത്; ഞാൻ പോകുന്നിടത്തേക്കു നിങ്ങൾ എന്നെ യാത്ര അയയ്ക്കുവാൻ തക്കവണ്ണം പക്ഷേ [6]നിങ്ങളോടുകൂടെ പാർക്കും, ഹിമകാലം കൂടെ കഴിക്കുമായിരിക്കും. കർത്താവ് അനുവദിച്ചാൽ കുറേക്കാലം നിങ്ങളോടുകൂടെ പാർക്കുവാൻ ആശിക്കുന്നതുകൊണ്ട്; [7]ഞാൻ ഈ പ്രാവശ്യം കടന്നുപോകും വഴിയിൽ അല്ല നിങ്ങളെ കാണുവാൻ ഇച്ഛിക്കുന്നത്. [8]എഫെസൊസിൽ ഞാൻ പെന്തോസ്തുവരെ പാർക്കും; [9]എനിക്കു സഫലമായൊരു വാതിൽ തുറന്നിരിക്കുന്നു. എതിരാളികൾ പലർ ഉണ്ട്.**

**വാക്യം 5.** പൌലോസ് അവരെ മുൻ തീരുമാനിച്ചപ്രകാരം സന്ദർശിക്കുമെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുണ്ട്, 4:19 ൽ ഇപ്പോൾ എഫൈസൊസിൽ നിന്നും **മക്കെദോന്യയിലൂടെ** യാത്ര ചെയ്ത് വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിലൂടെ കടക്കണമെന്നുള്ള തന്റെ യാത്രാപദ്ധതികളെയാണ് അവൻ വിശദീകരിക്കുന്നത്. അതിനു ശേഷം അവൻ കൊരിന്ത് സന്ദർശിക്കുമായിരിക്കും. വടക്ക് യവന പ്രവിശ്യവരെ നീണ്ടു കിടക്കുന്ന റോമൻ അധികാരത്തിലുള്ള പ്രധാനപ്പെട്ട സ്ഥലമായിരുന്നു. മക്കെദോന്യ. തെസ്സലൊനിക്യയും ഫിലിപ്പിയയും പോലുള്ള പ്രധാനപ്പെട്ട പട്ടണങ്ങൾ ഇതിന്റെ കിഴക്കേ അതിർത്തിയിലായിരുന്നു. എജിയെൻ വംശം.

1 കൊരിന്ത്യർ എഴുതിയതിനുശേഷം സംഭവങ്ങൾ പരിശോധിക്കുമ്പോൾ, അപ്പൊസ്തലൻ തന്റെ യാത്രപദ്ധതികളിൽ മാറ്റം വരുത്തിയിരുന്നതായി മനസ്സിലാക്കാവുന്നതാണ്. ഒരു സന്ദർഭത്തിൽ, കൊരിന്തിലേക്ക് ആദ്യം യാത്ര

ചെയ്യണമെന്നും അവിടെ നിന്ന് മക്കെദോന്യയിലേക്ക് പോകണമെന്നും വിചാരിച്ചിരുന്നു (2 കൊ. 1:15, 16). എഫെസൊസിൽ ആയിരിക്കുമ്പോൾ ഒരു അവസരത്തിന്റെ നിമിഷം വന്നിരിക്കാം, ഒരുപക്ഷേ കൊരിന്ത് സഭയിലെ ആഭ്യന്തര കലഹത്തെക്കുറിച്ചുള്ള വാക്കുകൾ അവരുടെ അടുക്കൽ എത്തിയിരിക്കാം. സാഹചര്യങ്ങൾ അവ്യക്തമാണ്, പക്ഷേ കൊരിന്ത്യർക്കെഴുതിയ രണ്ടാം ലേഖനത്തിലെ (2 കൊ. 2:1–3) ഒരു പരാമർശം സൂചിപ്പിക്കുന്നത് അവൻ പെട്ടെന്ന് എഫസൊസിൽ നിന്നൊരു യാത്ര കൊരിന്തിലേക്ക് നടത്തുകയും തിരിച്ച് എഫസൊസിലേക്ക് വരികയും ചെയ്തുവെന്നാണ്. അവൻ പ്രതീക്ഷിച്ചതിൽ നിന്ന് വിഭിന്നമായാണ് ആ യാത്ര മാറിയത് (2 കൊ. 2:1, 2; 12:21) അവൻ അവിടെ അനുഭവിച്ചത് നിരാശപ്പെടുത്തുന്ന ഒരു സ്വീകരണമായിതിനാൽ സഭയുടെ ക്ഷേമത്തെക്കുറിച്ചോർത്തു അവൻ വ്യാകുലപ്പെട്ടു. എഫസൊസിലേക്ക് പോകുവാൻ നിർബന്ധിക്കപ്പെട്ട ശേഷം (പ്രവൃ. 20:1), മക്കെദോന്യയിലേക്കു പോകുന്ന വഴി കൊരിന്തിലേക്ക് തിരിച്ചു ചെല്ലുവാൻ അപ്പൊസ്തലൻ ആഗ്രഹിച്ചിരുന്നു. പൗലോസിന്റെ ജീവിതത്തിലെ പ്രക്ഷുബ്ദമായ ഒരു കാലഘട്ടമായിരുന്നു ഇത്. ഇല്ലുര്യദേകത്തേക്ക് യാത്ര തിരിക്കണമെന്ന് പൌലോസ് ആഗ്രഹിച്ചിരുന്ന ഒരു സമയമാണിത് (റോമ. 15:19), ലത്തീൻ–ഭാഷ സംസാരിക്കുന്ന പടിഞ്ഞാറൻ പ്രദേശം, അഡ്രിയാറ്റിക് സമുദ്രതീരത്തെ യവന പ്രവിശ്യ.

**വാക്യം 6**. പൗലോസിന്റെ പദ്ധതികൾ നിശ്ചയമില്ലാത്തവയാണെന്ന് അവനുപയോഗിച്ച (*ടുച്ചോൺ*, ഇത് കൂടെ കഴിക്കാമായിരിക്കും) എന്ന പദം സൂചിപ്പിക്കുന്നു. കർത്താവ് തുറക്കുന്ന വാതിലുകൾ അവൻ ഒരുക്കപ്പെട്ടവനായിരുന്നു. ആസന്ന ഭാവിയിൽ, മക്കദോന്യ എന്ന പ്രദേശത്തിലൂടെ അവൻ യാത്ര ചെയ്യും കൊരിന്ത്യ പ്രദേശം കടന്നു പോകുമ്പോൾ അവിടെ പാർക്കുവാൻ പക്ഷെ അവൻ പദ്ധതി ഇട്ടിരുന്നു. **ഹിമകാലം കൂടെ കഴിക്കുമായിരിക്കും** എന്ന് രേഖപ്പെടുത്തി. ഹിമകാലത്തിൽ മദ്ധ്യധരണിക്കടലിലൂടെ യാത്ര ചെയ്യുന്നത് അസാദ്ധ്യമായിരുന്നു. കപ്പലുകൾ ചെറുതും, കാലാവസ്ഥ ഭിതിപ്പെടുത്തുന്നതും ആയിരുന്നു. കുറെ കാലത്തിനുശേഷം, അപ്പൊസ്തലനെ റോമിലേക്കു കൊണ്ടുപോകുമ്പോൾ കപ്പിത്താൻ കടൽയാത്രയ്ക്കായി അതിരുകളെ നിയന്ത്രിക്കുകയും കപ്പൽഛേദത്തിൽ പെടുകയും ചെയ്തു (പ്രവൃ. 27:9, 11). മക്കദോന്യയിലൂടെ പോയതിനുശേഷം കൊരിന്ത് സന്ദർശിക്കുവാനാണ് പൌലോസ് പദ്ധതി ഇട്ടിരുന്നത്. അവൻ മൂന്നു മാസം ഗ്രീസിൽ ചിലവഴിച്ചു, അത് ഹിമകാലത്ത് കൊരിന്തിലായിരിക്കാം (പ്രവൃ. 20:3). അല്പ വർഷങ്ങൾക്കുള്ളിൽ, അപ്പൊസ്തലൻ എഫെസൊസിൽ വച്ച് 1 കൊരിന്ത്യരും, മക്കദോന്യയിൽ വച്ച് 2 കൊരിന്ത്യരും. കൊരിന്തിൽ വച്ച് റോമോ ലേഖനവും എഴുതി. നമുക്കറിയാവുന്നിടത്തോളം, ഈ കാലഘട്ടത്തിലെ അവന്റെ സാഹിത്യ രചനകളെ മറ്റൊരു കാലഘട്ടമായും താരതമ്യപ്പെടുത്തുവാൻ കഴിയില്ല.

കൊരിന്ത്യരിൽ നിന്നും സാമ്പത്തിക സഹായം കൈപ്പറ്റുന്നതിലുള്ള എതിർപ്പുകൾക്കിടയിലും (1 കൊ. 9:15–18; 2 കൊ. 12:13, 14) സ്വീകരിക്കാൻ അപ്പൊസ്തലൻ തയ്യാറായിരുന്നു. അഭ്യർത്ഥിച്ചിട്ടാണെങ്കിലും യാത്രാചിലവുകൾ സഭയോടു അവൻ നിർദ്ദേശിച്ചത് **ഞാൻ പോകുന്നിടത്തേക്ക് നിങ്ങളെന്നെ യാത്ര അയയ്ക്കുക** എന്നാണ്. അവന് ശമ്പളം കൊടുക്കുവാൻ കൊരിന്ത്യ സഭക്ക് കഴിഞ്ഞിരുന്നില്ല. എങ്കിലും സുവിശേഷം പ്രസംഗിച്ചിട്ടില്ലാത്ത സ്ഥലങ്ങളിലേക്ക് അവൻ യാത്ര ചെയ്യുമ്പോൾ അവന്റെ ആവശ്യങ്ങൾ നിറവേറ്റി കൊടുക്കുവാനും അവനെ സഹായിക്കുവാനും അവർക്കു കഴിയും.

റോമയും സ്പാനിയയും അയിരുന്നു അപ്പൊസ്തലൻ ഭാവികാല സുവിശേഷ കരണത്തിനായി മനസ്സിൽ ലക്ഷ്യം വച്ചിരുന്നത് (പ്രവൃ. 19:21; റോമ. 15:24).

**വാക്യം 7**. കൊരിന്തിലുള്ള സഭ, മക്കദോന്യ സഭകളെപോലെ ആയിരുന്നില്ല, യാത്രയ്ക്കിടയിയിൽ ഒരു ഹ്രസ്വ സന്ദർശനം കൊണ്ട് പൗലോസ് തൃപ്തനാകുകയില്ല. കൊരിന്തിലെ ക്രിസ്ത്യാനികളോടുള്ള അവന്റെ സ്നേഹം പ്രദർശിപ്പിക്കുന്നതിൽ അവനു മടിയൊന്നുമില്ലായിരുന്നു. ഒരുപക്ഷേ കൊരിന്തിലുള്ള ചിലർ പൗലോസിന്റെ സന്ദർശനം ആഗ്രഹിച്ചിരുന്നു; പക്ഷേ അവൻ അവരോട് പറഞ്ഞു, **കടന്നുപോകുംവഴിയിൽ അല്ല നിങ്ങളെ കാണ്മാൻ ഇച്ഛിക്കുന്നത്** എന്ന്. ഒരു ഹ്രസ്വ സന്ദർശനം ചിലപ്പോൾ ബന്ധങ്ങളിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം. നേരെ മറിച്ചാണെങ്കിൽ കൊരിന്തിൽ നിന്നും മാറി നിന്നതിലും കൂടുതൽ നാളുകൾ അവൻ മാറി നിന്നേക്കാം. 2 കൊരിന്ത്യർ 2:1, 2 വാക്യങ്ങളിൽ, ആദ്യ ഒന്നര വർഷത്തെ പട്ടണത്തിലെ താമസത്തിൽ ഉൾപ്പെടാത്ത ക്ലേശകരമായ യാത്രയെക്കുറിച്ച് അവൻ പരാമർശിച്ചിരിക്കുന്നു (പ്രവൃ. 18:11). പൗലോസിന്റെ മിഷനറി പ്രവർത്തനങ്ങളിൽ ഫലം അനിശ്ചിതമായി നിൽക്കുന്ന പല സംഭവങ്ങളും ലൂക്കൊസ് മന:പൂർവ്വം ഒഴിവാക്കിയിരുന്നിരിക്കാം. പൗലോസ് നടത്തിയ കൊരിന്തിലേക്കുള്ള ക്ലേശകരമായ സന്ദർശനത്തെക്കുറിച്ച് ലൂക്കൊസ് അറിഞ്ഞിരുന്നുവെങ്കിൽ അവൻ മന:പൂർവ്വമായതു പരാമർശിക്കാത്തതായിരിക്കാം.

**വാക്യം 8**. കൊരിന്തിലെ സഭയുടെ ക്ഷേമത്തെക്കുറിച്ചാണ് പൗലോസ് അധികമായി പരിഗണിക്കുന്നത്. 1 കൊരിന്ത്യർ അവൻ എഴുതുമ്പോൾ, എഫസൊസിലാണ് അവൻ പ്രവർത്തിക്കുന്നത്. വലുപ്പത്തിലും വ്യാപാര പ്രാധാന്യത്തിലും കൊരിന്തിനോട് കിടപിടിക്കുന്ന ഒരു പട്ടണം. പൊന്തക്കോസ്ത് ഉത്സവത്തിന് എത്രനാൾ മുമ്പാണ് ഇതെന്നോ എന്തുകൊണ്ടാണ് **എഫസൊസിൽ പെന്തക്കോസ്തുവരെ** പാർക്കുമെന്ന് പറഞ്ഞത് എന്ന് അവൻ പരാമർശിക്കുന്നില്ല. അപ്പൊസ്തല പ്രവൃത്തിയിൽ നല്കുന്ന വിവരങ്ങൾ പല അഭിപ്രായങ്ങളിലേക്കും നയിക്കുന്നു.

ഒന്നാമതായി മാനസാന്തരപ്പെടാത്ത യെഹൂദന്മാർ ജാതികൾ എന്നിവരിൽ നിന്നും വളർന്നുകൊണ്ടിരിക്കുന്ന എതിർപ്പുകളെ പൗലോസ് കണ്ടു (2 കൊ. 1:8 നോക്കുക). അത്തരം സന്ദർഭങ്ങളിൽ, അവൻ പരിശീലിപ്പിച്ച കഴിവുള്ള മൂപ്പന്മാരുടെ കയ്യിൽ സഭാപ്രവർത്തനത്തെ ഏല്പ്പിച്ചിട്ട് അടുത്ത സ്ഥലത്തേക്ക് പോകുന്നതാണ്. ഉചിതം. സമയത്തിന് വളരെ പ്രാധാന്യമുണ്ട്. എഫസൊസിലെ അവന്റെ പ്രവർത്തനം അവസാന ഘട്ടത്തിലെത്തിയിരുന്നു, പക്ഷേ അവിടെ നിന്ന് പെട്ടെന്ന് പോകുവാൻ അവൻ ആഗ്രഹിച്ചില്ല.

രണ്ടാമതായി, പെസഹയ്ക്കു അമ്പതു ദിവസത്തിനുശേഷമാണ് യെഹൂദരുടെ പെന്തക്കോസ്ത് ഉത്സവം. മേയ് മാസം-പകുതിയോടെ ആരംഭകാലത്തിലാരുന്നുവത്. മേയ്-പകുതിയോടെയാണ് പൗലോസ് എഫസോസ് വിട്ടതെങ്കിൽ, മക്കദോന്യസഭകളിലൂടെ യാത്ര ചെയ്ത് ഹിമകാലത്തിൽ കൊരിന്തിലെത്തുവാൻ അവന് ഏകദേശം ഒരു വർഷമെടുക്കും. വരും വർഷത്തെ പെന്തക്കോസ്തിനു മുമ്പായി യെരുശലേമിലേക്കു മദ്ധ്യാധരണി കടൽ വഴി യാത്ര ചെയ്യുവാൻ അവന് കഴിയും. ഒരു പ്രധാനപ്പെട്ട ഉത്സവമായിരുന്നു. പെന്തക്കോസ്ത്, റോമാ ലോകത്തിലെ യെഹൂദൻമാർ എല്ലാവരും യെരുശേലേമിൽ ഒത്തുചേരുന്ന സമയം; പക്ഷേ യെഹുദ ക്രിസ്ത്യാനികളെ സംബന്ധിച്ച് ആദ്യ സുവിശേഷ പ്രസംഗത്തിലൂടെ സഭ ആരംഭിച്ചതിന്റെ വാർഷികം

കൂടിയാണ് (പ്രവ്യ. 2:1, 41). പെന്തക്കോസ്തു നാളിൽ പൗലോസ് യെരുശലേമിൽ എത്തുമ്പോൾ, മറ്റു യെഹൂദാ ക്രിസ്ത്യാനികളും അവിടെ എത്തുമെന്ന് പൗലോസ് പ്രതീക്ഷിച്ചിരുന്നു (പ്രവ്യ. 21:20).

**വാക്യം 9.** എഫസോസ് വിടുവാൻ പൗലോസിന് മടിയായിരുന്നതിന്റെ മൂന്നാമത്തെ കാരണം, ചെറുതാണെങ്കിൽ പോലും കൊരിന്ത് സന്ദർശനം, എഫസോസിലെ അവന്റെ വേലയെ ബാധിക്കാമെന്നുള്ളതാണ്. അപ്പൊസ്തലപ്രവൃത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ് അസ്യയിൽ ഉണ്ടായിരുന്നവർ എല്ലാവരും കർത്താവിന്റെ വചനം കേട്ടു യെഹൂദണ്ടാരും ജാതികളുമായവർ (പ്രവ്യ. 19:10). "ആസ്യ" എന്നത് ഇന്നത്തെ തുർക്കിയുടെ കേന്ദ്രഭാഗത്തുള്ള റോമാ പ്രവിശ്യയായിരുന്നു. എഫസോസ് കൂടാതെ, പ്രധാന പട്ടണങ്ങളായ സർദ്ദീസ്, പെർഗ്ഗമൊസ്, മിലേത്തോസ്, സ്മുർന്ന അതിർത്തിയിലായിരുന്നു. വിജയത്തോടൊപ്പം, ധാരാളം എതിരാളികളും പലർ ഉണ്ട്. വെള്ളിപ്പണിക്കാർ, ദെമേത്രിയൊസിനാൽ നയിക്കപ്പെട്ട്, ക്രിസ്ത്യാനിത്വത്തിന് എതിരെ പ്രവർത്തിച്ചു (പ്രവ്യ. 19:24). അപ്പൊസ്തലന്റെ എഫസൊസിലെ വേല അവൻ പ്രതീക്ഷിച്ചതിലും **അധികം എതിർപ്പുകൾ** നേരിട്ട സന്ദർഭത്തിലാണ് ഈ ലേഖനം കൊരിന്ത്യർക്ക് അവനെഴുതിയത് (2 കൊ. 1:9 നോക്കുക).

പൗലോസ് കൊരിന്തിൽ പ്രവർത്തിച്ചതിനേക്കാൾ കൂടുതൽ കാലം എഫസൊസിൽ പ്രവർത്തിച്ചിരുന്നു (പ്രവ്യ. 18:11; 20:31 നോക്കുക). അപ്പൊസ്തലപ്രവൃത്തിക്കും കൊരിന്ത്യർക്കെഴുതിയ ലേഖനത്തിനുമിടയിൽ, എഫസൊസിലെ സഭയെപ്പറ്റി വായനക്കാർക്ക് അല്പം അറിവ് ലഭിച്ചിരുന്നു. കൊരിന്ത്യർക്കെഴുതിയ ലേഖനത്തിൽ നിന്നും വിപരീതമായി എഫേസ്യർക്കെഴുതിയ ലേഖനത്തിൽ, ആ വേദപണ്ഡിതന്മാരും പൗലോസിന്റെ ലേഖനം ആസ്യ പ്രവിശ്യയിലുള്ള പല സഭകളിലും പ്രചരിച്ചിരുന്നുവെന്ന് വിശ്വസിക്കാനുള്ള ഒരു കാരണം എഫസോസ് സഭയെക്കുറിച്ചുള്ള അറിവില്ലായ്മയാണ്. എഫസോസ് എന്ന പേര് ലേഖനത്തോടൊപ്പം ചേർത്തിരിക്കാം. കാരണം ആ പ്രവിശ്യയിലെ പ്രധാനപ്പെട്ട നഗരമായിരുന്നതിനാൽ. എന്തായിരുന്നാലും, ഒരു പട്ടണത്തിന്റെ പേരും പുരാതനമായിട്ടുള്ള, കയ്യെഴുത്തു പ്രതികളിൽ പരാമർശിച്ചിട്ടില്ല.[2]

### തിമൊഥെയൊസും അപ്പൊല്ലോസും (16:10-12)

**[10]തിമൊഥെയൊസ് വന്നാൽ അവൻ നിങ്ങളുടെ ഇടയിൽ നിർഭയനായിരിക്കുവാൻ നോക്കുവിൻ, എന്നെപ്പോലെ തന്നെ, [11]അവൻ കർത്താവിന്റെ വേല ചെയ്യുന്നുവല്ലോ. ആരും അവനെ അലക്ഷ്യമാക്കരുത്. ഞാൻ സഹോദരന്മാരുമായി അവനെ കാത്തിരുക്കുകകൊണ്ട്, എന്റെ അടുക്കൽ വരുവാൻ; അവനെ സമാധാനത്തോടെ യാത്ര അയയ്ക്കുവിൻ.**

**[12]സഹോദരനായ അപ്പല്ലോസിന്റെ കാര്യമോ, അവൻ സഹോദരരോടുകൂടെ നിങ്ങളുടെ അടുക്കൽ വരണം എന്നു ഞാൻ അവനോടു വളരെ അപേക്ഷിച്ചു; എങ്കിലും ഇപ്പോൾ വരുവാൻ അവന് ഒട്ടും മനസ്സായില്ല, അവസരം കിട്ടിയാൽ അവൻ വരും.**

**വാക്യം 10.** ക്രിസ്ത്യാനികൾക്ക് മാർഗ്ഗദർശനവും നേതൃത്വവും നല്കിയിരുന്നത് പൗലോസ് തനിച്ചായിരുന്നില്ല. തന്റെ ലേഖനത്തിന്റെ അവസാന

വാക്കുകളിൽ അപ്പൊസ്തലൻ തന്നെ സഹായിച്ച സഹ പ്രവർത്തകരുടെ പ്രവൃത്തിയെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു. ഈ വ്യക്തികളുടെ പേരു പറയുന്ന പ്രക്രിയയിൽ, സ്ഥിരതയോടെ നിൽക്കുവാനും അവർ പറയുന്ന പ്രക്രിയയിൽ, സ്ഥിരതയോടെ നിൽക്കുവാനും അവർ ഏറ്റുപറഞ്ഞ വിശ്വാസത്തെ നേർപ്പിക്കുന്ന ഉപദേശങ്ങളെ എതിർക്കുവാനും അവൻ കൊരിന്ത്യരെ പ്രോത്സാഹിപ്പിച്ചു.

പൗലോസിന്റെ സഹയാത്രികരിൽ ഫലമുള്ളവനും, കടപ്പെട്ടവനും, ആശ്രയിക്കാവുന്നവനും ആയിരുന്നു. തിമൊഥെയോസ് (ഫിലി. 2:19-22 നോക്കുക). ഏറ്റവുമധികം ലേഖനങ്ങളുടെ ആമുഖത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന വ്യക്തിയാണ് തിമൊഥെയോസ് ഇത് രണ്ടാം തവണയാണ് അവന്റെ പേര് 1 കൊരിന്ത്യരിൽ കാണുന്നത് (4:17 നോക്കുക). പക്ഷേ ഈ ലേഖനത്തിലെ ആമുഖത്തിൽ പൗലോസിനോടൊപ്പം അവന്റെ പേരില്ല. പൗലോസിനോടൊപ്പം തിമൊഥെയോസ് വേല ആരംഭിച്ച സാഹചര്യം അപ്പൊസ്തല പ്രവൃത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവന്റെ ജന്മദേശം ഗലാത്യ പ്രവിശ്യയിലായിരുന്നു. ലുസ്ത്ര എന്ന പട്ടണത്തിൽ നിന്നും (പ്രവൃ. 16:1, 2).[3] പിന്നീട്, അവൻ അപ്പൊസ്തലന്റെ ഒരു സ്ഥിര സന്ദേശവാഹകനായിത്തീർന്നു (പ്രവൃ. 19:22 നോക്കുക).

തിമൊഥെയൊസ് പൗലോസിനോടൊപ്പം എഫെസൊസിൽ വേല ചെയ്തപ്പോഴുള്ള സംഭവങ്ങളുടെ ക്രമം പുനർസൃഷ്ടിക്കുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്; പക്ഷേ അപ്പോസ്തല പ്രവൃത്തികൾ 19:21 ലെ മക്കദോന്യയിലേക്കും അഖായയിലേക്കും ഉള്ള യാത്ര കൊരിന്തിൽ അവസാനിച്ചിരുന്നുവെങ്കിൽ, തിമൊഥെയോസ് എരസ്തൊസിനോടൊപ്പമായിരുന്നിരിക്കാം. “എരസ്തൊസ്” എന്ന പേര് യവനർക്കിടയിൽ വിരളമായിരുന്നു, അതുകൊണ്ട് കൊരിന്തിൽ ഈ പേരിൽ രണ്ട് ആളുകൾ ഉണ്ടായിരുന്നുവെന്ന് ആരും അനുമാനിക്കുന്നില്ല. എഫെസൊസിൽ നിന്ന് കൊരിന്തിലേക്കുള്ള യാത്രയിൽ തിമൊഥെയൊസിനോടൊപ്പമുണ്ടായിരുന്നത് ഇതേ വ്യക്തിയായിരിക്കാമെന്നാണ് റോമർ 16:23 ൽ പരാമർശിക്കുന്നത്.

കൊരിന്ത് സന്ദർശിച്ച സമയത്ത് തിമൊഥെയൊസിനെ ഭയപ്പെടുത്തിയ സാഹചര്യം എന്താണെന്ന് പൌലോസ് വിശദീകരിക്കുന്നില്ല, പക്ഷേ 1 കൊരിന്ത്യർ 4:17 ചില സൂചനകൾ നല്കുന്നു. മറ്റുള്ളവർ തുച്ഛീകരിക്കുന്ന സാഹചര്യമായിരുന്നു ഇത് (1 തിമൊ. 4:12), കൊരിന്തിലെ ചില എതിർവാദക്കാരെ മനസ്സിലാക്കുക എന്നുള്ളത് ബുദ്ധിമുട്ട് നിറഞ്ഞ കാര്യമായിരുന്നു. തെളിവുകൾ നിശ്ചയമില്ലാത്തവ ആയിരുന്നു. കൊരിന്ത് സഭ പല പ്രശ്നങ്ങളാൽ ബാധിക്കപ്പെട്ടിരുന്നതുകൊണ്ട് തിമൊഥെയോസിനെപോലുള്ള ഒരു യുവാവിന് സഭയിൽ മാറ്റം വരുത്തുക എന്നുള്ളത് ക്ലേശകരമായ ഒരു കാര്യമായിരുന്നു. തിമൊഥെയൊസ് അവന്റെ ജീവിതത്തെക്കുറിച്ച് ഭയപ്പെടണമെന്ന് പൌലോസ് ആഗ്രഹിച്ചിരുന്നില്ല, പക്ഷേ അവൻ മറ്റുള്ളവരാൽ ബഹുമാനിക്കപ്പെട്ടുകൊണ്ട് സഭയുടെ സഹായത്താൽ ഉയർന്ന് വരണമെന്നും ഒരു തർക്കത്തിന് മദ്ധ്യസ്ഥത നിൽക്കുമ്പോൾ സഭയ്ക്കുവേണ്ടി ദൈവത്തിൽ നിന്ന് അധികാരത്തോടെ സംസാരിക്കുകയും ചെയ്യണം. അതുകൊണ്ടാണ് പൗലോസ് തന്റെ സഹയാത്രികനെ കുറിച്ച് ഇപ്രകാരം പറഞ്ഞത്, **എന്നെപ്പോലെ തന്നെ അവൻ കർത്താവിന്റെ വേല ചെയ്യുന്നുവല്ലോ.**

**വാക്യം 11.** തിമൊഥെയൊസ് കൊരിന്തിൽ എത്തുന്നതിനു മുമ്പ്

പൗലോസിന്റെ ലേഖനം അവിടെയെത്തി സഭ അത് വായിക്കുമെന്ന് അവൻ പ്രതീക്ഷിച്ചു. അവനിപ്പോൾ കൊരിന്തിൽ എത്തിയട്ടില്ല, പക്കെ ചില മാസങ്ങൾക്കുള്ളിലോ, ആഴ്ചകൾക്കുള്ളിലോ എത്തുമെന്ന് സഭയ്ക്കു പ്രതീക്ഷിക്കാം (4:17 നോക്കുക). ഒരു പക്ഷേ തിമൊഥെയൊസിന്റെ ദൗത്യത്തിന് ഗുണകരമായ രീതിയിൽ അവനെ പരിഗണിക്കണമെന്ന് പൗലോസ് കൊരിന്തിലുള്ള വിശ്വാസികളോട് അപേക്ഷിക്കുന്നു. **ആരും അവനെ അലക്ഷ്യമാക്കരുത്,** [αὐτὸν ἐξουθενήσῃ, *ഓട്ടോൺ എക്സൌതെനേസ്*], എന്ന് പൗലോസ് എഴുതി. അവനെ എന്ന സർവ്വനാമം ഉപയോഗിച്ചിരിക്കുന്ന സ്ഥാനം അതിനു കൊടുത്തിരിക്കുന്ന ഊന്നൽ കാണിക്കുന്നു. അതിന്റെ അർത്ഥം ഇതാണ്, അവൻ ദൈവത്താൽ-നിയമിക്കപ്പെട്ട ദൗത്യമുള്ളവനാണ് ഒരു യൗവനക്കാരനായ സുവിശേഷ പ്രവർത്തകനായാൽ, അവനു കൊടുക്കേണ്ട ബഹുമാനം കൊടുക്കാതിരിക്കരുത്.

ഈ ലേഖനം പെട്ടെന്നു നല്കുന്ന പരിഗണനയേക്കാൾ പൗലോസിന്റെ ജീവിതത്തിൽ പുറമേ നടക്കുന്ന കാര്യങ്ങളെ കുറിച്ചു ഈ ലേഖനത്തിലൂടെ ഓർമ്മിപ്പിക്കുന്നു. തിമൊഥെയൊസ് പറയുന്നതു കേൾക്കുവാനും അവനെ ബഹുമാനിക്കുവാനും അവന്റെ യാത്ര പൂർത്തീകരിക്കുവാനായി അവന്റെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുവാനും പൗലോസ് കൊരിന്ത്യരോട് ആവശ്യപ്പെട്ടു. **സഹോദരന്മാർ** എന്ന് പൌലോസ് ഇവിടെ പരാമർശിച്ചിരിക്കുന്നത് തിമൊഥെയോസിന്റെ സഹയാത്രികരോ അല്ലെങ്കിൽ പൌലോസിന്റെ കൂടെ എഫസൊസിൽ സഹയാത്രികരോ അല്ലെങ്കിൽ പൌലോസിന്റെ കൂടെ എഫസൊസിൽ ഉള്ളവരോ ആകാം. പൌലോസ് ചിലപ്പോൾ ഇങ്ങനെയാകാം പറയുന്നത്, മറ്റു വാക്കുകളിൽ ഞാനും എന്നോട് കൂടെയുള്ള സഹോദരന്മാരും അവനെ കാത്തിരിക്കുന്നു. ഈ സഹോദരന്മാരെക്കുറിച്ചുള്ള വിശദീകരണം എപ്പോഴും ഒരു ഊഹം മാത്രമായിരിക്കും.

**വാക്യം 12.** കൊരിന്ത്യർക്കുള്ള പൌലോസിന്റെ ലേഖനത്തിലെ 4-ാം അദ്ധ്യായത്തിനുശേഷം, ഇവിടെ വരെ അപ്പല്ലോസിനെക്കുറിച്ച് ഒന്നും പരാമർശിച്ചിട്ടില്ല. ലേഖനത്തിന്റെ അവസാനത്തേത്, അപ്പൊസ്തലാൻ മറ്റു ചില കാര്യങ്ങൾ കൂടി വിശദീകരിക്കുന്നു. കൊരിന്തിൽ സമയം ചെലവഴിച്ചശേഷം, അലക്സന്ത്രിയക്കാരൻ തിരിച്ചു വന്നിട്ടുണ്ടായിരുന്നുവെങ്കിൽ, കൊരിന്തിലെ സാഹചര്യങ്ങളെക്കുറിച്ച് അവനും പൗലോസും തമ്മിലുള്ള ചർച്ചയ്ക്ക് അവസരം ഉണ്ടായിരുന്നിരിക്കാം. പൗലോസിന്റെ ആഗ്രഹം അതായിരുന്നാലും അല്ലെങ്കിലും അവനെയും അപ്പല്ലോസിനെയും നേർക്കുനേർ നിർത്തിക്കൊണ്ട് ചില തർക്കങ്ങൾ കൊരിന്തിലുണ്ടായിരുന്നു അങ്ങനെയുള്ള കാര്യങ്ങളിൽ ഇടപെടുവാൻ അപ്പോസ്തലൻ ആഗ്രഹിച്ചിരുന്നില്ല. അവരവരുടെ രീതിയിൽ രണ്ടുപേരും ഒരേ കർത്താവിനെയാണ് സേവിക്കുന്നതെന്ന് കൊരിന്ത്യർ അറിയണമെന്ന്, അവൻ ആഗ്രഹിച്ചിരുന്നു (3:5-7).

വാസ്തവത്തിൽ, പൗലോസിന്റെ കീഴെ ആയിരുന്നില്ല അപ്പല്ലോസ്. പൗലോസ്, അപ്പൊസ്തല അധികാരമുപയോഗിച്ച് ശുശ്രൂഷകനാക്കിയ ഒരു വ്യക്തി ആയിരുന്നില്ല അപ്പല്ലോസ്. അദ്ധ്യക്ഷഭരണത്തിലുള്ള ഒരു സഭയായിരുന്നില്ല ഇത്. പൗലോസ് ഇങ്ങനെ മാത്രമാണ് പറഞ്ഞത്. **നിങ്ങളുടെ അടുക്കൽ വരേണം എന്നു ഞാൻ അവനോട് വളരെ**. [πολλά, *പൊല്ലാ*] **അപേക്ഷിച്ചു.** അവൻ ഉദ്ദേശിച്ചത് ഞാൻ പല പ്രാവശ്യം അവനെ പ്രോത്സാഹിപ്പിച്ചുവെന്നോ, അല്ലെങ്കിൽ ഞാൻ എന്റെ എല്ലാ കഴിവുമുപയോഗിച്ച് അവനെ പ്രോത്സാഹി

പ്പിച്ചു എന്നോ ആകാം. അപ്പല്ലോസിന്റെ സഹയാത്രികരായ സഹോദരന്മാർ എന്നു പൗലോസ് വിഷേഷിപ്പിക്കുന്നത് സ്തെഫാനാസ്, ഫൊർത്തുനെ ാതൊസ്, അഖായിക്കൊസ് എന്നിവരെയാണ് (16:17), പൗലോസിന്റെ അടുക്ക ലേക്ക് കൊരിന്തിൽ നിന്നും ലേഖനം കൊണ്ടുവന്നവർ (7:1) കൂടാതെ പൗലോ സിൽ നിന്ന് സഭയിലേക്ക് ലേഖനം കൊണ്ടുപോയതും ഇവർ തന്നെയാകാം. സഭയിലെ പ്രശ്നങ്ങൾ മറ്റാരുമറിയാതെ തന്നിൽതന്നെ ഒതുക്കിവയ്ക്കണമെ ന്നാണ് അപ്പല്ലോസ് ആഗ്രഹിച്ചിരുന്നത്. **കാരണമെന്തായിരുന്നാലും ഇപ്പോൾ വരുവാൻ അവന് ഒട്ടും മനസ്സായില്ല**. പൗലൊസ് പറഞ്ഞു; എന്നിരുന്നാലും തന്റെ വായനക്കാർക്ക് അവൻ ഉറപ്പ് നൽകുന്നതു അപ്പല്ലോസ് **ഒരു പക്ഷേ അവസരം കിട്ടി (യാൽ) അവൻ വരും** എന്നാണ്. ഗ്രീസിലും ആസ്യയിലും എന്ത് പങ്കാണ് പരിജ്ഞാനമുള്ള ഈ വ്യക്തിക്ക് ഉണ്ടായിരുന്നതെന്ന് കൊരിന്തി ലേതുപോലെ, സംശയത്തിന്റെ നിഴലിൽ കിടക്കുന്നു.

### ശക്തമായ പ്രബോധനം (16:13, 14)

**13 ഉണർന്നിരിക്കുവിൻ, വിശ്വാസത്തിൽ നില നിൽക്കുവിൻ പുരുഷത്വം കാണിക്കുവിൻ, ശക്തിപ്പെടുവിൻ, 14 നിങ്ങൾ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്യുവിൻ.**

നാല് ചെറിയ പ്രബോധനങ്ങളുടെ പരമ്പരയിലൂടെ, കൊരിന്ത്യ സഭയ്ക്കു വേണ്ടിയുള്ള തന്റെ ആഗ്രഹങ്ങളും പ്രാർത്ഥനയും, പൗലോസ് സംഗ്രഹിക്കു ന്നു. അവന്റെ പ്രബോധനങ്ങൾക്ക് അവർ ചെവികൊടുക്കുന്നത് ലേഖനത്തിലെ നിർദ്ദേശങ്ങളെ പിന്തുടരുന്നതിന് തുല്യമാണ്, അപ്പൊസ്തലൻ പരാമർശിച്ച പ്രശ്നങ്ങളെ ബന്ധിപ്പിക്കുമ്പോൾ വ്യക്തിപരമായ പ്രബോധനങ്ങൾക്ക് പക്ഷേ ഫലം കുറവായിരിക്കാം.

**വാക്യം 13. അവൻ സഭയോട് ഉണർന്നിരിപ്പീൻ** (γρηγορέω, *ഗ്രെഗോറിയോ*) എന്നാവശ്യപ്പെട്ടു. ഈ പദം പല സന്ദർഭങ്ങളിലും ഉപയോഗിച്ചിരുന്നത് കർത്താവിന്റെ വരവിനായ് ശ്രദ്ധയോടെ ആയിരിക്കേണം എന്നർത്ഥത്തിലാണ് (മർ. 13:35; 1 തെസ്സ. 5:6) പക്ഷേ ഇവിടെ പൗലോസിന്റെ മനസ്സിൽ പറുബിയ എന്നതില്ല. ചില സന്ദർഭങ്ങളിൽ ജാഗരിക്കുക എന്ന അർത്ഥത്തിൽ ഈ പദം ഉപയോഗിച്ചിട്ടുണ്ട് (കൊലൊ. 4:2). മറ്റു ഉപദേശങ്ങളുടെ കാഴ്ചപ്പാടിൽ, അപ്പൊസ്തലൻ ഒരുപക്ഷേ ഈ പദം ഉപയോഗിച്ചിരിക്കുന്നത് ക്രിസ്ത്യാനി കൾ തങ്ങളെ തർക്കങ്ങൾ, അഹങ്കാരം, മത്സരം, ഭോഗച്ഛ, പിശാചിന്റെ ചതി എന്നിവയിൽ നിന്നും സംരക്ഷിക്കുക എന്ന അർത്ഥത്തിലാവാം (2 കൊ. 12:20; 1 പത്രൊ. 5:8).

**വിശ്വാസത്തിന്റെ നിലനിൽപ്പിൽ** എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അപ്പൊസ്തലിക ഉപദേശങ്ങളെ മുറുകെ പിടിക്കുക അല്ലെങ്കിൽ, നിഷേധാത്മക മായി, സാന്മാർഗ്ഗികതയ്ക്കും ക്രിസ്തീയ ഉപദേശത്തിനും എതിരെ വരുന്നതും സഭയുടെ സമർപ്പണത്തിന് ഇടർച്ചയാകുന്നതുമായ കാര്യങ്ങളെ ഒഴിവാക്കുക (2 തെസ്സ. 2:15 നോക്കുക) പുതിയ നിയമത്തിൽ ഇവിടെ മാത്രമേ ഈ പദം ഉപയോഗിച്ചിട്ടുള്ളു, അത് കൊരിന്ത്യ ക്രിസ്ത്യാനികളോട് പൗലോസ് ഉപദേ ശിക്കുമ്പോൾ **പുരുഷത്വം കാണിപ്പിൻ** (ἀνδρίζομαι, *ആൻട്രിസോമായി*) പുരുഷന്മാർക്കുവേണ്ടി മാത്രം മാറ്റിവയ്ക്കപ്പെട്ട ശരിയായ സ്വഭാവം എന്ന

താണി പദം അർത്ഥമാക്കുന്നത്. അവർ കുട്ടികളെപ്പോലെ ലഹള ഉണ്ടാക്കുന്നവർ ആയിരുന്നില്ല, പക്ഷേ യാഥാർത്ഥ്യബോധത്തോടും **ധൈര്യത്തോടും** വിഗ്രഹാരാധന ഭോഗേച്ഛ, ജാതീയ സമൂഹത്തിൽ ഉണ്ടായിരുന്ന പാപങ്ങൾ എന്നിവയെ വിലയിരുത്തേണ്ടതാണ്. ഉറച്ച തീരുമാനത്തോടും ദൃഢവിശ്വാസത്തോടും, ക്രിസ്ത്യാനികൾ അത്തരത്തിലുള്ള പെരുമാറ്റങ്ങളോട് പുറം തിരിഞ്ഞു നില്ക്കണം. ശക്തിപ്പെടുവിൻ എന്ന പദം മുമ്പ് പ്രസ്താവിച്ചിട്ടുള്ള ഉപദേശങ്ങളുമായി ബന്ധപ്പെട്ടാണ് ഉപയോഗിച്ചിരുന്നത്. ജഡപ്രകാരമുള്ള പ്രലോഭനങ്ങൾക്ക് എതിരായി നില്ക്കുവാനും അപ്പൊസ്തലിക ഉപദേശത്തെ മുറുകെപിടിക്കുവാനും ശക്തിയും സഹിഷ്ണുതയും ആവശ്യമാണ്. ക്രിസ്തീയ ജീവിതത്തിൽ താഴ്മയും സൗമ്യതയും സഹിഷ്ണുതയും ആവശ്യമുള്ളിടത്ത് ഉറപ്പും ശക്തിയും തമ്മിൽ ഒരു സംതുലിതാവസ്ഥ ആവശ്യമാണ്.

**വാക്യം 14**. യേശുവിന്റെ മാതൃക പിൻപറ്റുന്നതിലൂടെ (ഉദാഹരണമായി, മർ. 12:29–31) പൌലോസ് ക്രിസ്ത്യാനികൾക്ക് ഉറപ്പു നൽകുന്നത്, അവർ എന്തു ചെയ്താലും എങ്ങനെയായിരുന്നാലും, ദൈവിക ജീവിതത്തിനായി നയിക്കുന്ന ശക്തിയായ സ്നേഹത്തെ ആലിംഗനം ചെയ്യുന്നതിൽ പരാജയപ്പെടരുത്. ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനമാണ് സ്നേഹമെന്ന് അദ്ധ്യായം 13 ൽ അപ്പൊസ്തലൻ വ്യക്തമാക്കുന്നു. കൊരിന്ത്യ സഭയിലെ പ്രശ്നങ്ങളുടേയും ബുദ്ധിമുട്ടുകളുടെയും നടുവിൽ ക്രിസ്തുവിലുള്ള വളർച്ചയ്ക്ക് അടിസ്ഥാനമായ പ്രബോധനങ്ങളെ 16:13, 14 ൽ പൗലോസ് നൽകുന്നു.

ആ വാക്കുകളിലൂടെ 1 കൊരിന്ത്യർ അതിന്റെ ആരംഭത്തോട് സമമായ രീതിയിൽ അവസാനിക്കുന്നു. 1:10 ൽ അപ്പൊസ്തലൻ എല്ലാവർക്കും ഐക്യത വേണമെന്നും ഭിന്നത ഒഴിവാക്കണമെന്നും അഭിപ്രായപ്പെടുന്നു. കൂടാതെ ഏക മനസ്സിലും ഏക അഭിപ്രായത്തിലും യോജിച്ചിരിക്കുകയും വേണം. 1:10 ഈ ലേഖനത്തിന്റെ തലക്കെട്ടായി എടുക്കുകയാണെങ്കിൽ, 16:14 ഉപസംഹാരമായി സ്വീകരിക്കാം: **നിങ്ങൾ ചെയ്യുന്നത് എല്ലാം സ്നേഹത്തിൽ ചെയ്യുവിൻ**. ഉന്നതനിലവാരത്തിലുള്ള ഉപദേശത്തെയാണ് ഈ വാക്കുകളിലൂടെ സൂചിപ്പിക്കുന്നത്.

## സ്തെഫാനാസ്, ഫൊർത്തുനാതൊസും അഖായിക്കൊസും (16:15-18)

**15സഹോദരന്മാരെ (സ്തെഫാനൊസിന്റെ കുടുംബം, അഖായിലെ ആദ്യ ഫലം എന്നും, അവർ വിശുദ്ധന്മാരുടെ ശുശ്രൂഷയ്ക്കു തങ്ങളെത്തന്നെ ഏല്പിച്ചിരിക്കുന്നു എന്നും നിങ്ങൾ അറിയുന്നുവല്ലോ), 16ഇങ്ങനെയുള്ളവർക്കും അവരോടുകൂടെ പ്രവർത്തിക്കുകയും അധ്വാനിക്കുകയും ചെയ്യുന്ന ഏവനും നിങ്ങളും കീഴ്പ്പെട്ടിരിക്കണം എന്നു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു.17സ്തെഫാനൊസും ഫൊർത്തുനാസും അഖായിക്കൊസും വന്നത് എനിക്കു സന്തോഷമായി നിങ്ങളുടെ ഭാഗത്ത് കുറവായിരുന്നത് അവർ നികത്തിയിരിക്കുന്നു. 18അവർ എന്റെ മനസ്സും നിങ്ങളുടെ മനസ്സും തണുപ്പിച്ചുവല്ലോ. ഇങ്ങനെയുള്ള വരെ മാനിച്ചുകൊള്ളുവിൻ.**

**വാക്യം 15.** ഏതു കൂട്ടയ്മയിലും, മാതൃകയാൽ നയിക്കുന്ന ചിലരുണ്ട് പൗലോസ് സ്വന്തം കയ്യാൽ സ്നാനപ്പെടുത്തിയ, സ്തെഫാനൊസിന്റെ കുടുംബത്തെ കൊരിന്ത് സഭയ്ക്കു മുമ്പിലായി അവൻ പിടിച്ചു (1:16) അവന്റെ

കുടുംബം **അഖായയിലെ അദ്യഫലം** എന്നത് അർത്ഥമാക്കുന്നത് കൊരിന്ത് പ്രദേശത്തെ പൗലോസ് ആദ്യമായി രൂപാന്തരപ്പെടുത്തിയവർ എന്നാണ്. യവന ഉപദ്വീപിന്റെ തെക്കു ഭാഗത്തുള്ള ഒരു വലിയ റോമ പ്രവിശ്യയാണ് അഖായ അഥേനയുടെ വടക്കുവശത്തുള്ള കൊരിന്ത്യർ ഇസ്തമുസും പെ ലോപൊന്നേസുസും പോലെയുള്ള പ്രധാന പട്ടണങ്ങൾ ഉൾപ്പെട്ട പ്രദേശം. അഖായയും മക്കദോന്യയും, വടക്കായി, ഗ്രീസിന്റെ റോമാ ഭരണത്തിലുള്ള പ്രദേശങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ചക്രവർത്തിയാണ് അതിരുകളും സംഘ ടനകളും നിയന്ത്രിച്ചിരുന്നത്. പൗലോസ് ഈ പട്ടണം സന്ദർശിച്ചപ്പോൾ, അഖായിയുടെ റോമാ ഭരണാധികാരി നിലനിന്നിരുന്ന സ്ഥലമാണ് കൊരിന്ത്. സ്തെഫാനൊസും കുടുംബവും അഖായയിലെ ആദ്യത്തെ ക്രിസ്ത്യാനികൾ ആയിരിക്കണമെന്നില്ല (പ്രവ്യ 17:34 നോക്കുക) പക്ഷേ അദ്യ ആളുകളിൽ ഉൾപ്പെട്ടവരായിരിക്കാം.

"ആദ്യഫലം" എന്നത് അർത്ഥമാക്കുന്നത് സ്തെഫാനൊസും കുടുംബവു മല്ലാതെ മറ്റുള്ളവരും സുവിശേഷത്തെ അനുസരിച്ചിരുന്നു എന്നാണ്. അതുപേ ാലെ, വരുവാനുള്ള പലതിന്റെയും വാഗ്ദാനമാണ് ക്രിസ്തുവിന്റെ ഉയിർത്തെ ഴുന്നേല്പ്പ് (15:23) ആസ്യ പ്രവിശ്യയിൽ ഏജിയൻ കടലിനപ്പുറം പൗലോസ് നിശ്ചയമുള്ളവനായിരുന്നു. ഈ പ്രദേശത്ത് ക്രിസ്തുവിലേക്ക് അദ്യം രൂപ ാന്തരപ്പെട്ട വ്യക്തി എപ്പെസ്ത്തൊസ് ആണെന്ന് അവൻ പറഞ്ഞു (റോമ. 16:5) സ്തെഫനൊസും കുടുംബവും സഭയുടെ ആരംഭത്തിൽ തന്നെ ദൈവ ദാസന്മാരാണെന്ന് തെളിയിച്ചവരാണ്. പട്ടണത്തിലുള്ള എല്ലാ ക്രിസ്ത്യാനി കൾക്കും അവരിൽ നിന്ന് പഠിക്കുവാനുണ്ട്. മറ്റു കാര്യങ്ങൾക്കൊപ്പം, ദൈവിക നേതൃത്വത്തിൽ സഭ മുമ്പോട്ട് നയിക്കപ്പെടുമ്പോൾ ഐക്യത ഉളവാകുമെന്ന്, പൗലോസ് പ്രസ്താവിച്ചു.

അപ്പൊസ്തലിക ഉപദേശത്തിൽ സഭ വിശ്വസ്തരായിരിക്കുവാൻ, അച്ച ടക്കം അനിവാര്യമാണ്. ആദ്യ നൂറ്റാണ്ടിലെ സഭയിലും, ഇന്നത്തെപ്പോലെ, അച്ച ടക്കം, ശക്തി, വിശ്വസ്തത എന്നീവയിലുള്ള നേതൃത്വം ആവശ്യമായിരുന്നു. (16:13) കൊരിന്തിൽ നിർദ്ദേശത്തിനും മാർഗ്ഗ ദർശനത്തിനും സഭ നോക്കിയി രുന്ന ഒരു വ്യക്തിയാണ് സ്തെഫനൊസ്. അവൻ വിശ്വാസത്തിൽ ഉറച്ചവനും ക്രിസ്തുവിനോട് സ്നേഹമുള്ളവനുമായിരുന്നു. സർക്കാർ ചെറിയ യൂണിറ്റു കളായി പ്രവർത്തിക്കുന്നു എന്നുറപ്പാക്കാൻ, പട്ടാളക്കാരും പോലീസുകാരും ആയുധങ്ങളുപയോഗിച്ച് നിർബന്ധമായി അനുസരിപ്പിച്ചേക്കാം. പണത്തെ ഒരു ശക്തിയായി കാണുമ്പോൾ ഒരു നഗര സഭയ്ക്ക് ലേലം വിളിയ്ക്കായി ഒരു പ്രവർത്തന ശക്തിയെ നിർബന്ധിക്കുവാൻ കഴിയും. സഭയിൽ അനുസര ണവും കീഴ്പെടലുമാണ് ഏറ്റവും ആവശ്യം. നല്ല സ്വഭാവത്തിലൂടെയും ബഹു മാനം ലഭിക്കുന്ന പെരുമാറ്റത്തിലൂടെയുമാണ് നേതൃത്വം പരിശീലിപ്പിക്കേണ്ടത്.

**വാക്യം 16**. 1, 2 തീമൊഥെയാസും തിതൊസും നേതൃത്വം ആഗ്രഹി ക്കുന്ന ആളുകൾക്ക് വേണ്ടുന്ന മാർഗ്ഗദർശനം വ്യക്തമായി നല്കിയിരിക്കു ന്നു (1 തിമൊ. 3; തിതൊ 1 നോക്കുക). അപ്പൊസ്തല പ്രവൃത്തികളൂടെ അടിസ്ഥാനത്തിൽ പൗലോസും ബർന്നബാസും സഭ സ്ഥാപിച്ച് അധിക കാലമാകും മുമ്പെ മുപ്പണ്ടാരെ നിയമിച്ചു (പ്രവ്യ. 14:23). അപ്പൊസ്തൻ തെസ്സ ലോനികൃരോട് കർത്താവിൽ നിങ്ങളെ ഭരിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുന്നവരെ (1 തെസ്സ. 5:12, 13) ബഹുമാനിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഫിലിപ്യർക്കെഴുതിയ ലേഖനം ആരംഭിച്ചിരിക്കുന്നത് വിശുദ്ധന്മാർ മൂപ്പന്മാരും

ശുശ്രൂഷകന്മാരും ഉൾപ്പെടെ (ഫിലി. 1:1) ശുശ്രൂഷിപ്പാനായി നേതൃത്വനിരയിലേക്ക് പൗലോസ് യോഗ്യരായവരെ നിയമിച്ചതിൽ യാതൊരു അത്ഭുതവുമില്ല. സ്തെഫാനാസിനെക്കുറിച്ചുള്ള ഉപദേശത്തിൽ **ഇങ്ങനെയുള്ളവർക്ക് നിങ്ങളും കീഴ്പ്പെട്ടിരിക്കണം**, എല്ലാ സഭകളിലുമുള്ള നേതൃത്വത്തെ കുറിച്ച് അപ്പൊസ്തലിക പരിഗണനയാണ് ഈ വാക്കുകളിൽ കാണുന്നത്.

**വാക്യം 17**. ഇവർ മൂന്നു പേരും, **സ്തെഫാനാസും, ഫൊർത്തുനാതൊസും അഖായിക്കൊസും**, 7:1 ൽ പരാമർശിച്ചിരുന്ന ലേഖനവുമായി കൊരിഞ്ഞ് സഭയിൽ നിന്നും കടന്നു വന്നവരാണിവർ. 1 കൊരിന്ത്യരിൽ പറഞ്ഞിരിക്കുന്ന അല്പ വിവരങ്ങളല്ലാതെ ഇവരെക്കുറിച്ച് കൂടുതൽ വിവരങ്ങൾ നമുക്കറിയില്ല. രു പ്രാവശ്യം സ്തെഫാനാസിന്റെ കുടുംബം (16:15 നോക്കുക) എന്ന് പൌലോസ് പരാമർശിച്ചിരുന്നു. ഈ കുടുംബാഗങ്ങളെ പൌലോസാണ് സ്നാനം കഴിപ്പിച്ചത് (1:16); അഖായയിലെ പ്രവർത്തനത്തിന്റെ ആദ്യഫലമായിരുന്നു അവർ, അവർ വിശുദ്ധണ്ടാരുടെ ശുശ്രൂഷയ്ക്ക് തങ്ങളെത്തന്നെ ഏല്പച്ചിരിക്കുന്നു (16:15). വ്യക്തമായും സഭാ നേതൃത്വത്തിൽ സ്തെഫാനാസിന് ഉായിരുന്ന പദവി ഫൊർത്തിനാതൊസിനും അഖായിക്കൊസിനും ഉായിരുന്നതിനേക്കാൾ വ്യത്യസ്ഥമായിരുന്നു. സ്തെഫാനാസ് ഒരു ധനികനായ മനുഷ്യനായിരുന്നിരിക്കാം. നേരേ മറിച്ച് ഫൊർത്തുനാതൊസും അഖായിക്കൊസും അടിമകൾക്ക് നല്കിയിരുന്ന സാധാരണ പേരുകളാണ് ഫൊർത്തുനാതൊസ് എന്നതിന്റെ അർത്ഥം ഭാഗ്യം എന്നും അഖായിക്കൊസ് എന്നതിന്റെ അർത്ഥം അഖായയിൽ നിന്നുമുള്ളവർ എന്നുമായിരുന്നു.

കൊരിന്ത്യരെക്കുറിച്ച് പരിഗണനയുള്ള വ്യക്തിയായിരുന്നു പൌലോസ്. ഈ ഭുതു വാഹകരെക്കുറിച്ച്, പൌലോസ് പറഞ്ഞ, അവർ **നിങ്ങളുടെ ഭാഗത്ത് കുറവായിരുന്നത് നികത്തിയിരിക്കുന്നു.** ഈ വാക്കുകളെക്കൊ് എന്നർത്ഥമാക്കിയാലും സാമ്പത്തിക ആവശ്യങ്ങളെ ക്കുറിച്ചായിരിക്കില്ല അവിടെ പരാമർശിച്ചിരുന്നത്. സുവിശേഷം പ്രസംഗിക്കുന്നവർ സുവിശേഷം കൊ് ജീവിക്കുവാൻ അർഹതയുള്ളവരാണ് പൌലോസ് പ്രസ്താവിച്ചിരിക്കുന്നു (9:14), പക്ഷേ അവൻ കൊരിഞ്ഞ് സഭയിൽ നിന്നുള്ള സാമ്പത്തിക സഹായത്തെ നിരസിച്ചിരുന്നു (9:15). ഭൗതിക കാര്യങ്ങളിൽ കൊരിന്ത്യരുമായി യാതൊരു കടപ്പാടും അപ്പൊസ്തലന് ഉായിരുന്നില്ല, പക്ഷേ അവന്റെ ഹൃദയം സഭയോടൊപ്പമായിരുന്നു. കൊരിന്തിലെ വളർച്ചയെക്കുറിച്ചും സഹോദരീ സഹോദരണ്ടാരുടെ ആത്മീയവും ഭൗതികവുമായ നന്മയെക്കുറിച്ചും അറിയുവാൻ ആവർ ആഗ്രഹിച്ചിരുന്നു. പെനലോസിന്റെ അടുക്കൽ ലേഖനവുമായി എത്തിയവർ നല്ലതും മോശമായ വാർത്തകൾ അറിയിച്ചു.

**വാക്യം 18**. ഈ മൂന്ന് പുരുഷണ്ടാരെയും പൌലോസ് കൊരിന്ത്യ സഭയുടെ മുന്നിൽ പുകഴ്ത്തിയതിന് കാരണം. അവരുടെ കൈവശമാണ് ലേഖനം തിരിച്ചുകൊടുത്തു വിടുന്നതും അവരുടെ ജ്ഞാനമാണ്, സഭയുടെ വളർച്ചയുടെയും ശക്തീയുടെയും ഉറവിടങ്ങൾ. ഇവർ മൂവരും പൌലോസിന്റെ മനസ്സിനെ **തണുപ്പിച്ചു.** കൂടാതെ കൊരിന്ത്യരുടെ മനസ്സിനെയും തണുപ്പിച്ചു. പൌലോസിന്റെ മാതൃകയിലുള്ള സഭാ നേതൃത്വം ആത്മാവിനാൽ നയിക്കപ്പെട്ട ഒന്നായിരുന്നു. 1 തെസ്സലോനിക്യർ 5:12, 13 ൽ ഉപയോഗിച്ചിരുന്ന അതേ ഭാഷയാണ് ഇവിടെയും ഉപയോഗിച്ചിരിക്കുന്നത്. ഉപദേശപരമായി വ്യക്തതയും, സാണ്ടാർഗ്ഗിതയും, സ്ഥിരതയുള്ള പുരുഷണ്ടാരും ശരിയായി ന്യായം വിധിക്കുവാൻ കഴിയുന്നവരെയും അയിരിക്കേണം സഭ നേതാക്കണ്ടാരായി

അംഗീകരിക്കാൻ.

1 കൊരിന്ത്യർ 12:28 ൽ പൌലോസ് പരാമർശിച്ചിരിക്കുന്ന വരങ്ങളിൽ κυβερνήσεις (*കുബേർനെസീസ്,* ഭരണം) എന്നും ἀντιλήμψεις (*ആന്റിലെമ്പ്സിസ്*, സഹായിക്കുക) എന്നും ഉപയോഗിച്ചിരിക്കുന്നു, മേൽവിചാരകന്മാർ (മൂപ്പന്മാർ) ശുശ്രൂഷകന്മാർ എന്നിവരെ വിശേഷിപ്പിക്കുന്ന പദവികളാണിവ. ഒരു ഉദ്ദേശത്തിനു വേണ്ടി കുറേ ആളുകൾ ഒത്തൊരുമിച്ച് പ്രവർത്തിക്കണമെങ്കിൽ അവരുടെ ഇടയിൽ ഐക്യത ഉണ്ടാകണമെങ്കിൽ, നേതൃത്വം ആവശ്യമാണ്. സഭയെ നയിക്കുന്നതിലുള്ള ഉത്തരവാദിത്തങ്ങളെ സ്വീകരിച്ചവർക്ക് ആദരവും പരിഗണനയും എപ്പോഴുമുണ്ടാകും.

## സഹോദരങ്ങളിൽ നിന്നും സഭകളിൽ നിന്നുമുള്ള വന്ദനങ്ങൾ (16:19, 20)

**[19]ആസ്യയിലെ സഭകൾ നിങ്ങളെ വന്ദനം ചെയ്യുന്നു. അകിലാവും പ്രിസ്കയും അവരുടെ ഭവനത്തിലെ സഭയോടുകൂടെ, കർത്താവിൽ നിങ്ങളെ വളരെ വന്ദനം ചെയ്യുന്നു. [20]സകല സഹോദരന്മാരും നിങ്ങളെ വന്ദനം ചെയ്യുന്നു. വിശുദ്ധ ചുംബനത്താൽ അന്യോന്യം വന്ദനം ചെയ്‌വിൻ**.

**വാക്യം 19.** പൗലോസ് ഇതെഴുതുമ്പോൾ **ആസ്യയിൽ** എത്ര **സഭകൾ** ഉണ്ടായിരുന്നുവെന്ന് ഒരു വ്യക്തി അതിശയിച്ചേക്കാം. ആധുനിക തുർക്കിയുടെ പടിഞ്ഞാറേ ഭാഗത്തുള്ള റോമൻ പ്രവിശ്യയുടെ പരിഗണനയിലുള്ള സ്ഥലമായിരുന്നു അസ്യം പുതിയ നിയമത്തിൽ ആസ്യ എന്ന് പരാമർശിക്കുമ്പോൾ ഇത് വിരൽ ചൂണ്ടുന്നത് റോമൻ പ്രവിശ്യയിലേക്കാണ്, ഏഷ്യ എന്ന് ഉദ്ദേശിക്കുന്നത്. ഏജിയൻ കടലിന് കിഴക്കുവശത്തായുള്ള റോമൻ ഭരണ പ്രദേശമായിരുന്നു ആസ്യ പെർഗമം രാജാവിന്റെ മരണശേഷം റോമിലെ കാര്യാലോചനക്കാർക്കും ആളുകൾക്കുമായി സാമ്രാജ്യം എഴുതിക്കൊടുത്തപ്പോൾ 133 ബി. സി. യിൽ റോമൻ ഭരണത്തിൻകീഴിൽ ഇത് തകർന്നു. ആസ്യയുടെ ചരിത്രം കുഴപ്പം പിടിച്ചതായിരുന്നു; പക്ഷേ ഇരുനൂറു വർഷത്തൾക്കുശേഷം റോമാക്കാർ ഇതിനെ അധിനപ്പെടുത്തി, മറ്റു ആളുകൾ അയക്കുന്നതിൽ നിന്ന് വിഭിന്നമായി റോമിലേക്ക് അയച്ചുകൊണ്ടിരുന്നു. എഫസൊസ്, പെർഗമം, സ്മൂർന്ന എന്നിവയായിരുന്നു പ്രധാന പട്ടണങ്ങൾ; പക്ഷേ റോമാ ഗവർണർ ആ പ്രവിശ്യയിലെ ഒരു-വർഷ ഭരണമാരംഭിച്ചുപ്പോൾ, നിയമപ്രകാരം അവൻ എഫസൊസിൽ ഇറങ്ങി.

**അകിലാവും പ്രിസ്കയും,** അപ്പോസ്തല പ്രവൃത്തികൾ 18 ൽ ആദ്യമായി പരാമർശിക്കപ്പെട്ടവർ, സഭാ പ്രവർത്തനത്തിലും സാധാരണ ജോലിയിലും പൗലോസിന്റെ സഹപ്രവർത്തകരായിരുന്നു ഇവർ രണ്ടുപേരും. പൊന്തോസ് ആയിരുന്നു അകിലാവിന്റെ ജന്മദേശം (പ്രവൃ. 18:2) വ്യാപാര ആവശ്യങ്ങൾക്കായിരിക്കാം, അവനും അവന്റെ ഭാര്യയും റോമിലേക്ക് കുടിയേറിയത്. ക്ലൌദിയോസിന്റെ കാലത്ത് യെഹൂദരെ പട്ടണത്തിൽ നിന്ന് പുറത്താക്കിയപ്പോൾ ഇവരും പുറത്താക്കപ്പെട്ടു.[4] ഈ ദമ്പതികൾ കൊരിന്തിൽ നിന്നും എഫസൊസിലേക്ക് പൌലോസിനോടൊപ്പം യത്ര ചെയ്തു (പ്രവൃ. 18:18). ഈ ലേഖനമെഴുതുന്നതുവരെ അവർ അവിടെ ഉണ്ടായിരുന്നുവെന്ന് അനുമാനിക്കാം. എഫസൊസിൽ വച്ച്, അവർ അപ്പല്ലൊസിനെ കണ്ടുമുട്ടുകയും കർത്താവിൽ നിർദ്ദേശങ്ങളെ നല്കുകയും ചെയ്തു. പൗലോസിന്റെ

ലേഖനങ്ങളുമായി ചേർന്നു നില്ക്കേ വലിയ പ്രയത്നങ്ങളൊന്നും ഇല്ലാതെ തന്നെ, അപ്പൊസ്തല പ്രവൃത്തികൾ പൌലോസിന്റെ ലേഖനങ്ങൾക്ക് ഒരു അനുബന്ധമായി രേഖപ്പെടുത്തിയിരുന്നു.

പിന്നീട് അക്വിലാവിനെയും പ്രിസ്കയെയും നാം കാണുന്നത് റോമിൽ അവരുടെ ഭവനത്തിൽ ഒരു സഭ കൂടി വരുന്നതായാണ് (റോമ. 16:3–5). അവർ സമർപ്പണമുള്ള ക്രിസ്ത്യാനികളായിരുന്നു. പൗലോസ് എപ്പോഴും ഉപയോഗിച്ചിരുന്നത്, പ്രിസ്ക്ക എന്നാണ്, എന്നാൽ ലൂക്കൊസ് പ്രിസ്കില്ലാ (പ്രവൃ. 18:2, 18, 26). എന്നാണ് പരാമർശിച്ചിരിക്കുന്നത്. പുതിയ നിമയത്തിൽ ഈ ദമ്പതികളുടെ പേര് ആറ് തവണ പരാമർശിച്ചിരിക്കുമ്പോൾ, നാലു തവണയും പ്രിസ്കില്ലായുടെ പേര് ആദ്യം വന്നിരുന്നു. ആ ക്രമം പ്രാധാന്യമുള്ളതോ അല്ലാത്തതോ ആയിരിക്കാം, പക്ഷേ കർത്താവിന്റെ വേലയിൽ ഭർത്താവിനോടൊപ്പം ക്രിസ്തീയ സമർപ്പണത്തോടെ ജീവിച്ചിരുന്ന വ്യക്തിയായിരുന്നു പ്രിസ്കില്ലാ.

**വാക്യം 20**. നമുക്ക് മനസ്സിലാകാത്ത ഒരു കാര്യമാണ് സകല സഹോദരന്മാരുടെയും വന്ദനം എങ്ങനെയാണ് മുമ്പത്തെ വാക്യത്തിൽ പറഞ്ഞിട്ടുള്ള ആസ്യ സഭകളിൽ നിന്നും വ്യത്യസ്തമായിരിക്കുന്നതും. പട്ടണങ്ങളിൽ ഒരു സഹോദര സ്നേഹം വളർത്തുവാനാണ് പൗലോസ് ആഗ്രഹിക്കുന്നത്. പൗലോസ് ആഗ്രഹിക്കുന്നത്. പൗലോസിന്റെ കാലത്ത് ചുംബനത്തിലൂടെ വന്ദനം ചെയ്യുന്നത് സാധാരണ ആയിരുന്നു (റോമ. 16:16; 2 കൊ. 13:12; 1 തെസ്സ. 5:26; 1 പത്രൊ. 5:14), ചില സംസ്കാരങ്ങളിൽ ഇന്നും ഇത് തുടർന്നു വരുന്നു. എന്തായിരുന്നാലും ഈ അജ്ഞത വിപണനപരമായ ചോദ്യങ്ങൾ ഉയർത്തുന്നു. സംസ്കാരപരമായ നിർദ്ദേശമായതിനാൽ സഭ ഇന്നിത് അനുവർത്തിച്ചുവരുന്നില്ല. നമുക്കറിയാവുന്നത് ആധുനിക അമേരിക്കൻ ഒരു നല്ല ഹസ്തദാനത്തെ വിശുദ്ധചുംബനത്തോട് സമമാക്കുന്നു. ഒരു സഭയിൽ ഇത് എത്രത്തോളം പ്രാവർത്തികമാകും. വേദ പുസ്തകത്തിലെ പല അജ്ഞകളും സാംസ്കാരങ്ങളോട് ബന്ധപ്പെട്ട അജ്ഞതകളാണെന്നതിൽ യാതൊരു ആശയക്കുഴപ്പവും ഇല്ല.[5]

## ഒരു ഗൗരവമേറിയ ഉപദേശം (16:21, 22)

**21പൗലോസായ എന്റെ കയ്യാൽ–വന്ദനം. 22കർത്താവിനെ സ്നേഹിക്കാത്തവൻ, ഏവനും ശപിക്കപ്പെട്ടവൻ–നമ്മുടെ കർത്താവു വരുന്നു.**

**വാക്യം 21**. പൗലോസിന്റെ രീതി ലേഖനം എഴുതുന്ന ഒരാളെക്കൊണ്ട്, ലേഖനം പൂർത്തിയാക്കിയശേഷം **സ്വന്തകൈ** കൊണ്ട് ഒപ്പു വയ്ക്കുക എന്നതായിരുന്നു (ഗലാ. 6:11 നോക്കുക; കൊലൊ. 4:18; 2 തെസ്സ. 3:17; ഫിലേ. 19). പുരാതന ലോകത്തിൽ ലേഖനങ്ങൾ കെട്ടിച്ചമച്ചവയും ഉണ്ടായിരുന്നു. 2 തെസ്സലോനിക്യർ 3:17 ൽ ഉള്ള പൗലോസിന്റെ പരാമർശം പൗലോസിന്റേതല്ലായിരുന്നിട്ടും അവന്റെതന്നെ പേരിൽ ലേഖനങ്ങൾ സഭകളിൽ കൈമാറ്റം ചെയ്യപ്പെട്ടു എന്നുള്ളതിന് തെളിവാണ്. അപ്പൊസ്തലൻ, വ്യക്തിപരമായ ഒപ്പ് ഉപയോഗിക്കുന്നത്, തന്റെ ലേഖങ്ങളിലൂടെ അധികാരികതയെ തെളിയിക്കുകയാണ്.

**വാക്യം 22**. പൗലോസിന്റെ ഒരു ലേഖനം സാധാണയായി ഒരു ശാപ

ത്തോടെ അവസാനിപ്പിക്കാറില്ല (റോമ. 16:17) എന്തായിരുന്നാലും പൗലോസ് ഇങ്ങനെ പറഞ്ഞു. **കർത്താവിനെ സ്നേഹിക്കാത്തവൻ, ഏവനും ശപിക്കപ്പെട്ടവൻ.** കർത്താവിനെ സ്നേഹിക്കാത്തവൻ പുറമേ നടിക്കുന്ന ഒരുവനാകാം, അല്ലെങ്കിൽ ഒരുപക്ഷേ വിശ്വാസമില്ലാത്ത ഒരാളെക്കുറിച്ചായിരിക്കാം പരാമർശിക്കുന്നത്. ഈ രണ്ടു സാഹചര്യങ്ങളിലും ആ വ്യക്തിയിൽ നിന്ന് വിശ്വസ്തത എന്ന സവിശേഷത പ്രതിക്ഷിക്കുവാൻ സാധിക്കുകയില്ല. പൗലോസിന്റെ കൊരിന്തിലെ വിശ്വാസികളെക്കുറിച്ചുള്ള പരിഗണന അവർ കർത്താവിനെ സ്നേഹിക്കണമെന്നുള്ളതാണ്. ഒരു വിശ്വാസിക്ക് കർത്താവിനോടു വേണ്ടത് ἀγαπάω (*അഗോപ്പോ* “ഞാൻ സ്നേഹിക്കുന്നു”) ആണ് φιλέω (*ഫിലിയോ*, “ഞാൻ സ്നേഹിക്കുന്നു”) എന്നല്ല, പക്ഷേ ഈ രണ്ട് സ്നേഹവും തമ്മിലുള്ള വിത്യാസം ഊന്നി പറഞ്ഞിരിക്കുന്നു.

അവസാനത്തെ പദം **മറനാതാ** നമ്മുടെ കർത്താവ് വരുന്നു എന്റെ കർത്താവ്, വരുന്നു **מָרַנָא תָא** (*മറനാതാ*) എന്നർത്ഥമുള്ള അരാമ്യ പദങ്ങളാണ്. യവന/റോമ പശ്ചാത്തലത്തിൽ അരാമ്യ പദം ഉപയോഗിച്ചിരിക്കുന്നത് വളരെ വിചിത്രമാണ്. അമേൻ എന്ന പദം പോലെ ഒരു ഉപയോഗമാണിത്, ആദിമ ക്രിസ്ത്യാനികൾ തങ്ങളുടെ പാലസ്തിനിയൻ വേര് കാണിക്കുവാനായ് സാക്ഷ്യപ്പെടുത്തിയ പദമാണിത്.[6] വെളിപ്പാട് 22:20 ൽ ഇതിന്റെ യവന പദങ്ങൾ ഉപയോഗിച്ചു ἔρχου κύριε Ἰησοῦ (*ഏർക്കു കുറിയെ ലേസു,* ഞാൻ വേഗം വരുന്നു) യവന അല്ലെങ്കിൽ എബ്രായ ഭാഷയിൽ ഈ പദങ്ങൾ നല്കുന്നത് ഒരു ചെറിയ പ്രതീക്ഷ മാത്രമല്ല, പ്രത്യാശയുടെ ഒരു ഉറപ്പുകൂടെയാണ്. ഈ വാക്കുകൾ വിശ്വാസികൾക്ക് സുപരിചിതവും അവരെ തമ്മിലിണക്കുന്നതുമായിരുന്നു പക്ഷേ പുറത്തുള്ളവർക്ക് ഇത് അപരിചിതമായിരുന്നു.

### പൌലൊസിന്റെ ദൃഢ സ്നേഹം (16:23, 24)

**[23]കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ നിങ്ങളോടു കൂടെ ഇരിക്കുമാറാകട്ടെ [24]നിങ്ങൾക്കു എല്ലാവർക്കും ക്രിസ്തു യേശുവിൽ എന്റെ സ്നേഹം. ആമേൻ.**

**വാക്യം 23.** കൊരിന്തിലെ ക്രിസ്ത്യാനികൾക്ക്, ചിലർ കർത്താവിനെ സ്നേഹിക്കുന്നില്ലെങ്കിൽ പോലും, ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും പൗലോസ് ആശംസിക്കുന്നു. **കൃപ** എന്ന പദം അംഗലേയ ഭാഷയിലെ സാധാരണ ഉപയോഗത്തെക്കാൾ χάρις (*ഖറിസ്*) യവന ഭാഷയിൽ കൂടുതൽ മതപരമാണ്. പിന്നീടത് താല്പര്യം അല്ലെങ്കിൽ അനുഗ്രഹം എന്നതിന്റെ പൊതുവായ വാക്കായി മാറി. യേശുക്രിസ്തു എന്ന വ്യക്തിയിലൂടെ ദൈവം നല്കുന്ന സൗജന്യ ദാനം എന്ന പദവിയിലേക്ക് പൗലോസ് ഇതിനെ മാറ്റിയെടുത്തു.

**വാക്യം 24.** കൃപയെയും അനുഗ്രഹത്തെയും കുറിച്ച് മാത്രം കൊരിന്ത്യർ അിറയേണമെന്ന് മാത്രമല്ല; അവരോടുള്ള അവന്റെ വ്യക്തിപരമായ അടുപ്പവും, **ക്രിസ്തു** അവരോടുള്ള **അവന്റെ സ്നേഹവും** അറിയിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. ക്രിസ്തുവിന്റെ സ്നേഹം അന്യോന്യം സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്ന, അവന്റെ ആളുകളിലൂടെയാണ് വെളിപ്പെടുത്തുന്നത്.

**വിശ്വാസത്തിൽ നിലനിൽപ്പിൻ (16:13)**

പൊതുവിൽ ഒരു അന്തസത്തയുള്ള നാലു പ്രബോധനങ്ങളാണ് 16:13 ൽ പൌലോസ് നൽകുന്നത്. അവബോധം, ഉറപ്പ്, ശക്തി, അപ്പൊസ്തലിക ഉപദേശത്തിൽ അടിസ്ഥാനപ്പെട്ട് ദൈവീക ജീവിതം നയിക്കുകയും ചെയ്യണമെന്നാണ് പൗലോസ് ആവശ്യപ്പെടുന്നത്.

*ഉണർന്നിരിപ്പിൻ*-ക്രിസ്തുവിന്റെ ശരീരം കെട്ടുപണി ചെയ്യുന്ന ക്രിസ്ത്യാനികൾ അവരിലും ചുറ്റുപാടിലും ജാഗ്രതയോടെ ദൃഷ്ടി വയ്ക്കണമെന്ന് പ്രബോധിപ്പിക്കുന്നു. പൗലോസ് ഉണർന്നിരിക്കുവാൻ തന്റെ വായനക്കാരെ വെല്ലുവിളിക്കുന്നു. ക്രിസ്തുവിലാണ് വേര് ഊന്നിയിരിക്കുന്നതെന്ന് ഒരു ക്രിസ്ത്യാനി ചിന്തിക്കുമ്പോൾ-ഏറ്റുപറച്ചിൽ, പ്രാർത്ഥന, പഠനം, ആരാധന എന്നിവ വേണ്ടെന്ന് വിചാരിക്കുകയും-അവൻ പല അപകടങ്ങളും. നേരിടേണ്ടതായും വരും. ഈ ലേഖനത്തിന്റെ ആദ്യം, പൗലോസ് ഇങ്ങനെ പറഞ്ഞു "ആകയാൽ താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കികൊള്ളട്ടെ" (10:12) എബ്രായ ലേഖന കർത്താവ് ഇങ്ങനെ എഴുതി "അതുകൊണ്ടു നാം വല്ലപ്പോഴും ഒഴുകിപോകാതിരിക്കേണ്ടതിനു കേട്ടതു അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ അവശ്യമാകുന്നു" (എബ്രാ. 2:1). ആത്മിക സുരക്ഷിതതവും, പ്രത്യാശയും ജഡമോഹങ്ങൾക്ക് പകരം വയ്ക്കുന്നത് ഉല്പത്തി 25:34 ൽ ജേഷ്ഠാവകാശം ഒരു കോപ്പ പായസത്തിന് പകരം വച്ച ഏശാവിനേക്കാൾ അധമമാണ്.

*"വിശ്വാസത്തിൽ നിലനിൽപ്പിൻ"* പ്രാധാന്യമുള്ളതാണെങ്കിലും ക്രിസ്തുവിലുള്ള സ്നാനത്തിലൂടെ (റോമ. 6:4) സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കണമെന്നുള്ളത് ഒരു വ്യാമോഹം മാത്രമാണ്. അപ്പൊസ്തലൻ ഇങ്ങനെ ഉപദേശിക്കുന്നു. വിശ്വാസത്തിന്റെ അനുസരണത്തിന്റെ ഭാഗമാണ് സ്നാനം; പക്ഷേ ഒരാൾ ക്രിസ്ത്യാനിയായശേഷം, വിശ്വാസം പ്രതികരണങ്ങളിലൂടെ തെളിയിക്കണം. വിശ്വാസക്കപ്പൽ തകർന്നു പോയ ഹുമനയൊസിനേയും അലക്സന്തരെയും അനുഗമിക്കുന്ന അനേക ആളുകളുണ്ട് (1 തിമൊ. 1:19, 20) ക്രിസ്ത്യാനികൾക്ക് എന്നും ജാഗ്രതയുണ്ടായിരിക്കണമെന്നാണ് പൗലോസ് ഓർപ്പിക്കുന്നത്. വിശ്വസ്തതയോടുള്ള ദൈവിക ജീവിതം നയിക്കുവാനുള്ള ഉത്തരവാദിത്തത്തിൽ നിന്ന് വിശ്വാസികളെ മാറ്റുന്ന ഒന്നല്ല ദൈവത്തിന്റെ കൃപ. പുരുഷത്വം കാണിപ്പിൻ ക്രിസ്ത്യാനികളായ സ്ത്രീകളോടും പുരുഷന്മാരോടും, പൗലോസ് ഇപ്രകാരം അപേക്ഷിച്ചു.

*"പുരുഷത്വം കാണിപ്പിൻ"* ഭൂരിഭാഗം സംസ്കാരങ്ങളിലും, പുരുഷണ്ടാന്മാർ യോദ്ധാക്കളാണ്. പുരാധന ലോകത്തിൽ ഒരുവന്റെ വിജയവുമായും വ്യക്തിപരമായ സംരക്ഷണവുമായും ബന്ധപ്പെട്ടിരിക്കുന്നു. 1 ശമുവേലിന്റെ എഴുത്തുകാരൻ ശൗലിനെ ക്കുറിച്ചെഴുതിയപ്പോൾ അവന്റ കാഴ്ചയിലുള്ള ഭംഗിയോ അകാരമോ ആയിരുന്നില്ല എഴുത്തുകാരന്റെ പ്രധാന വിഷയം അവൻ ജനത്തിൽ എല്ലാവരെക്കാളും തോൾ മുതൽ പൊക്കമേറിയവനായിരുന്നു കൂടാതെ സർവ്വ ജനത്തിലും അവനെ പോലെ ഒരുത്തനും (1 ശമു. 10:23, 24) പുരുഷന്മാരിൽ പുരുഷനായിരുന്നു ശൗൽ. അവന് ലോകത്തിൽ നൂതന സാങ്കേതിക വിദ്യകളുടെ ഉപയോഗത്താൽ സ്ത്രീകളും പടയാളികളായി മാറിയിരിക്കുന്നു. പൗലോസ് എല്ലാ ക്രിസ്ത്യാനികളോടും ധൈര്യ

മുള്ളവരായിരിക്കാൻ പ്രബോധിപ്പിക്കുന്നു (എൻഎൽറ്റി). ക്രിസ്തുവിന്റെ അനുഗാമികൾ എന്ന നിലയിൽ തല ഉയർത്തിനിന്ന ഉപദേശരൂപത്തെ സ്വീകരിക്കേണ്ട ആവശ്യമില്ല, അപ്പൊസ്തലലന്മാർ നല്കിയ സന്ദേശത്തെ നാം മുറുകെ പിടിക്കേണം.

*"ശക്തിപ്പെടുവിൻ"* പൌലോസ് ക്രിസ്ത്യൻ സുഹൃത്തുക്കളോടുള്ള അവന്റെ പ്രബോധനങ്ങളെ ചുരുക്കത്തിൽ ഉപസംഹരിക്കുന്നത് ശക്തിപ്പെടുവിൻ എന്ന പദത്തിലൂടെയാണ്. ശാരീരിക ശക്തി തീർച്ചയായും തന്റെ വായനക്കാർക്ക് ഉണ്ടായിരിക്കണമെന്ന് അപ്പൊസ്തലൻ പ്രത്യാശിക്കുന്ന സവിശേഷതകളെ സൂചിപ്പിക്കുന്നു. പ്രലോഭനങ്ങളുടെ നടുവിൽ എല്ലാ ക്രിസ്ത്യാനികളും ശക്തിപ്പെടുക. വിശ്വാസത്തോട് അനുരഞ്ജനം ചെയ്യപ്പെടേണ്ട സാഹചര്യങ്ങളിൽ നാം "ശക്തിപ്പെടേണം" പാപത്തിന്റെ സന്തോഷങ്ങൾ നമ്മുടെ ഭൗതിക ശരീരത്തിലേക്ക് വരുമ്പോൾ ജീവിതത്തിൽ പല കാര്യങ്ങളെ അതിജീവിച്ചു കൊണ്ട് നാം ശക്തിയുള്ളവർ ആകേണം.

**മറ്റു ക്രിസ്ത്യാനികളുമായുള്ള അടുത്ത ബന്ധം (16:5-24)**

1 കൊരിന്ത്യർ ലേഖനത്തിന്റെ അവസാന ഭാഗത്തേക്ക് പൌലോസ് വരുമ്പോൾ, അവൻ സഹായത്തിനായി അപേക്ഷിച്ചു. അപ്പൊസ്തലിക പ്രവർത്തികൾക്കായി ദൈവത്താൽ ജനനം മുതൽ വേർതിരിക്കപ്പെട്ടവൻ ആയിരുന്നുവെങ്കിലും (ഗലാ. 1:15) തന്റെ ജോലി തനിയെ നിവർത്തിക്കുവാൻ പൗലോസ് ശ്രമിച്ചിരുന്നില്ല. സുവിശേഷ പ്രാസംഗികരും മിഷനറിമാരും-എത്ര കഴിവുള്ളവരാണെങ്കിലും തിരുവെഴുത്തുകളിൽ എത്ര പരിജ്ഞാനമുണ്ടെങ്കിലും എത്ര സമർപ്പണമുള്ളവരാണെങ്കിലും-വിശ്വസ്തതയോടെ ക്രിസ്തുവിനെ സേവിക്കാൻ അവർക്ക് മറ്റുള്ളവരുടെ സഹായം ആവശ്യമാണ്. പല ആളുകളും പലതും ചെയ്യണമെന്ന് ആഗ്രഹമുണ്ടെങ്കിലും വ്യക്തിപരമായ താൽപര്യം മാത്രമേ അവരെ നയിക്കുന്നുള്ളു, പെട്ടെന്നുള്ള മരണത്തിലേക്കോ നിരാശയിലേക്കോ അത് നയിച്ചേക്കാം. 1 കൊരിന്ത്യർ 16:5–9 കൊരിന്തിലെ ക്രിസ്ത്യാനികളോട് കർത്താവിന്റെ വേല താൻ അവിടെ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മറ്റ് ആളുകളെ സഹായിക്കാൻ പൗലോസ് അവരോട് ആവശ്യപ്പെട്ടു.

സഭയ്ക്ക് ക്രിസ്തു നല്കിയിരുന്ന ദൗത്യത്താൽ നിർബന്ധിക്കപ്പെട്ടിരുന്ന വ്യക്തിയിരുന്നു പൗലോസ് (മത്താ. 28:18–20) മുമ്പ് കൊരിന്ത്യരോട് അവൻ ഇങ്ങനെ പറഞ്ഞു ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം (1 കൊ. 9:16) അപ്പോഴും, ക്ഷമാപണം ഇല്ലാതെ, മക്കദോന്യയിലുള്ള വിശ്വാസികളുടെ സാമ്പത്തിക സഹായത്തിലേക്ക് അവൻ ചാഞ്ഞിരുന്നു (പ്രവൃ. 18:5; 2 കൊ 11:9; ഫിലി. 4:15). പൌലോസ് ശമ്പളം എന്ന നിലയിൽ ഒന്നും തന്നെ കൊരിന്ത്യരിൽ നിന്നും സ്വീകരിച്ചിരുന്നില്ല (1 കൊ. 9:12; 2 കൊ 12:16) പല പ്രാവശ്യം പറഞ്ഞിരിക്കുന്നതിലൂടെ ലോകത്തിൽ സുവിശേഷം എത്തണമെങ്കിൽ (1 കൊ. 16:6; 2 കൊ. 1:16) ആരെങ്കിലും പോകുകയോ ആരെങ്കിലും അയക്കപ്പെട്ടുകയോ ചെയ്യണം. പൗലോസ് വളരെയധികം പ്രചോദിക്കപ്പെട്ട വ്യക്തിയായിരുന്നു. അവൻ ചെയ്തതു പോലെ ക്രിസ്തുവിനെ സേവിക്കുവാൻ എല്ലാ ക്രിസ്ത്യാനികൾക്കും സാധിക്കില്ല എന്ന് അവൻ മനസ്സിലാക്കിയിരുന്നു. പൗലോസ് ചെയ്തതുപോലെ, സ്വന്ത ഭവനം വിട്ട്, ലോകത്തിലേക്ക് സുവിശേഷവുമായി പോകുവാൻ എല്ലാവരാലും കഴിയുകയില്ല.

കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിന്റെ അവസാന വാക്കുകളിൽ കൊരിന്ത്യരെ സഭയുമായി പൗലൊസിനുള്ള ബന്ധത്തെ അവൻ വെളിപ്പെടുത്തുന്നു. അവരുമായി കൂടുതൽ സമയം ചിലവഴിക്കണമെന്ന് അപ്പൊസ്തലൻ ആഗ്രഹിച്ചിരുന്നു. ഈ ക്രിസ്ത്യാനികൾ അവന്റെ സുഹൃത്തുക്കളും കൂടാതെ അവൻ അവരിൽ ചിലരെ പേർ ചൊല്ലി വന്ദനം ചെയ്തു (16:19, 20). അവന്റെ യാത്രയ്ക്ക് വേഗം കിട്ടുന്ന പ്രതീക്ഷകൾക്കു മുകളിലുള്ള കൂട്ടായ്മയും സ്നേഹ ബന്ധവും ആയിരുന്നു ആ സഹോദരങ്ങളുമായി അവൻ പങ്കുവച്ചിരുന്നത്.

സൗഹൃദങ്ങൾ രൂപപ്പെടുത്തുവാൻ ലോകത്തിലെ ഏറ്റവും നല്ല ആളുകൾ ക്രിസ്ത്യാനികളാണ്. താഴെ കൊടുത്തിരിക്കുന്ന വ്യക്തിപരമായ കഥ ഈ സത്യത്തിന് ഉദാഹരണമാണ് കൂടാതെ ഇത്തരം സാഹചര്യങ്ങൾ വർദ്ധിച്ചു വരുന്നു. 1985 ലെ വേനൽക്കാലത്ത് മേരിലാൻഡിലെ ഒരു ആശുപത്രിയിൽ ഹൃദയ ശസ്ത്രകിയ്ക്ക് തങ്ങളുടെ മകനെ പ്രവേശിപ്പിച്ചു. ആദ്യത്തെ ഞായറാഴ്ച ഞങ്ങളവിടെ ഉണ്ടായിരുന്നു. ക്രിസ്ത്യാനികൾ അവരുടെ വാതിലുകളും ഹൃദയങ്ങളും ഞങ്ങൾക്കായി തുറന്നു. ഞങ്ങളെപ്പോലുള്ള ആളുകൾക്കായി തയ്യാറാക്കപ്പെട്ടിരുന്ന ഒരു ഭവനത്തെക്കുറിച്ച് അവർ പെട്ടെന്നു തന്നെ ഞങ്ങളെ അറിയിച്ചു. ഒരു മാസത്തിനുമുകളിൽ ഞങ്ങൾ ആ ഭവനത്തിൽ താമസിച്ചു. ശസ്ത്രക്രിയ വിജയകരമായി പൂർത്തികരിക്കുകയും ഞങ്ങൾ ഭവനത്തിലേക്ക് മടങ്ങിവരികയും ചെയ്തു. അതുപോലെ ഔദാര്യമനസ്ക്കരാണ് ക്രിസ്ത്യാനികൾ. സ്നേഹിക്കേണ്ടവരെ സ്നേഹിക്കുകയും. അത് കൂടുതൽ ആവശ്യമുള്ളിടത്ത്; കൂടുതൽ നല്കിയും അവർ സഹോദരങ്ങളെ സഹായിക്കുന്നു. ക്രിസ്തുവിന്റെ ആത്മാവ് പങ്കുവയ്ക്കുന്നവരോട് സഹായം ചോദിക്കുന്ന അവസാനത്തെ ആളല്ല പൗലോസ്.

### പൗലോസ് എന്ന പ്രാസംഗികൻ

വില്യം കോപ്പർ എന്ന കവി പൗലോസിനെ ഇങ്ങനെ വരച്ചു കാണിച്ചിരിക്കുന്നു.

> പൗലോസിനെ പോലെയുള്ള ഒരു പ്രാസംഗികനെ എങ്ങനെ ഞാൻ വിശദീകരിക്കും, കേൾക്കുവാനും അംഗീകരിക്കുവാനും ഭൂമിയിൽ പൗലോസിന്റെ മാർഗ്ഗം മാത്രമേ എനിക്കുള്ളു. അവന്റെ രീതിയെ അവലംബിക്കുകയും, അവന്റെ വഴികളെ ഞാൻ പിന്തുടരുകയും ചെയ്യും. ആത്മാർത്ഥതയും, പരിജ്ഞാനവും, ലാളിത്യവുമുള്ള വ്യക്തിയായി ഞാൻ അവനെ കണ്ടു. ഉപദേശങ്ങൾ കൃത്യവും ഭാഷ ലളിതവും, പെരുമാറ്റം ശ്രേഷ്ഠവുമായിരുന്നു. മാന്യവും മനോഹരവും കൃത്വവുമായ സ്വാഭാവിക ചേഷ്ടകളും; അവനുതന്നെ ഇഷ്ടവും മറ്റുള്ളവർക്ക് പ്രോത്സാഹനവും ഒരു ഇടയനായി ആടുകളോടുള്ള ബന്ധത്തിലും മനസ്സിലാക്കാവുന്നതാണ്. നോട്ടത്തിൽ സ്നേഹവും ബഹുമാനിക്കുന്നതിൽ മുൻപന്തിയിലും എല്ലാറ്റിലുമുപരി കുറ്റബോധം നിറഞ്ഞ മനുഷ്യർക്ക് ഒരു കൃപയുടെ സന്ദേശവാഹകനും ആയിരുന്നു.[7]

കുറിപ്പുകൾ

[1]വാൾച്ചർ ബൗവർ, *എ ഗ്രീക്ക്-ഇംഗ്ലീഷ് ലക്സിക്കൻ ഓഫ് ദി ന്യൂ ടെസ്റ്റമെന്റ് ആൻഡ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, 3ഡ്, റെവ് ആന്‍ഡ് എഡ് ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റ് ഓഫ് ഷിക്കാഗോ പ്രെസ്സ്, 2000) 597. [2]എൻ എ എസ്ബി യുടെ ചില പകർത്തുകളിലുള്ള വിശദീകരണത്തിൽ “പറയുന്നത് ആദ്യ കാല (കൈയ്യെഴുത്തു പ്രതികളിൽ) മൂന്നിൽ എഫസൊസിൽ എന്നത് ഉൾപ്പെട്ടിട്ടില്ല.” [3]ദൈവിക അമ്മമാരാൽ സ്വാധീനിക്കപ്പെട്ട അഞ്ച് ആറ് നൂറ്റാിലെ നേതാക്കൻമാരുടെ പട്ടികയിൽ തിമൊഥെയൊസ് ഉായിരുന്നു. (2 തിമൊ. 1:5) ഡബ്ളിയു എച്ച് സി ഫ്ര് തിമൊഥി ഉൾപ്പെടെയുള്ള, അത്തരം ആളുകളെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു. ഒറിജിനൽ, സെലേറിനസ് അഗസ്റ്റിൻ എന്നിവർ ഇവരിൽ ഉൾപ്പെടുന്നു. (ഡബ്ളിയു. എച്ച്. സി. ഫ്ര്, *ദി റൈസ് ഓഫ് ക്രിസ്റ്റ്യാനിറ്റി* [ഫിലാദെൽഫിയ: ഫോർട്രസ്സ് പ്രെസ്സ്, 1984], 39, 288, 322, 561.) [4]സ്യൂട്ടോണിയസ് *ലൈഫ് ഓഫ് ക്ലൗദിയൊസ്* 25.4. [5]കോയി റോപ്പർ പഠനത്തിനായുള്ള പ്രയോഗിക നിർദ്ദേശങ്ങളെ നല്കിയിരുന്നു. “ഹൗ ടു അപ്ലൈ എ പാസേജ് ടു അവർ റിലിജ്യസ് പ്രാക്റ്റീസസ് (2)” “ഇന്റർപ്രെട്ടിങ്ങ് ദ സ്ക്രിപ്ചേഴ്സ് 3” *ട്രൂത്ത് ഫോർ ടുഡേ* (മാർച്ച് 2009) 35-39. [6]*ഡിഡാച്ചെ* 10.6. [7]വില്യം കൂപ്പർ “ദ ടാസ്ക്, ബുക്ക് II, ദ ടൈം-പീസ്” ഇൻ *ദ വർക്ക്സ് ഓഫ് വില്യം കൂപ്പർ: ഹിസ് ലൈഫ്, ലെറ്റേഴ്സ്, ആൻഡ് പോയെംസ്* (ലണ്ടൻ: വില്യം ടെഗ്ഗ് ആൻഡ് കോ., 1851) 556.